മെയ് 2010 വാല്യം 3 ലക്കം 3

ശ്രീ രാം ചന്ദ്ര മിഷൻ®

India ECHOES
ONE WORLD ONE HUMANITY
For Private Circulation Only

# പൂജ്യ ബാബുജി മഹരാജിൻെറ 111–ാം ജന്മവാർഷിക ആഘോഷം – തിരുപ്പൂർ (ഇന്ത്യ)




ബാബുജി മഹരാജിൻെറ 111–ാം ജന്മവാർഷികം തിരുപ്പൂരിലെ ഡി.ജെ പാർക്കിൽവച്ച് 2010 ഏപ്രിൽ 29 മുതൽ മെയ് 1 വരെ ആഘോഷിച്ചു. ഏകദേശം 9000 അഭ്യാസികൾ ഈ അവസരത്തിൽ ഒത്തുചേർന്നു. 29–ാം തിയ്യതി മാസ്റ്റർ സത്സംഗം നടത്തുകയും ഒരുപാട് പുതിയ പ്രസിദ്ധീകരണങ്ങൾ പ്രകാശനം ചെയ്യുകയും ചെയ്തു. 30–ാം തിയ്യതി രാവിലെ മാസ്റ്റർ സത്സംഗം നടത്തിയ ശേഷം ബാബുജി മഹരാജിൽ നിന്നും ലഭിച്ച മൂന്നു സന്ദേശങ്ങൾ വായിക്കുകയും 9 വിവാഹങ്ങൾ നടത്തുകയും ചെയ്തു.

2010 ഏപ്രിൽ 19–ാം തിയ്യതി (ബാബുജിയുടെ മഹാസമാധി ദിനം) ലഭിച്ച സന്ദേശത്തിൽ ബാബുജി പറയുന്നു, “നമ്മുടെ പാതയിലെ എല്ലാ ഘടകങ്ങളും ആത്യന്തിക ലക്ഷ്യമായ ദിവ്യതയിലേക്കെത്താനുള്ള അഭിലാഷത്തിൽ ആത്മാവിനെ വിടരുവാൻ സഹായിക്കുന്നു. അടിസ്ഥാനപരമായി ആവശ്യമായ കാര്യങ്ങളെല്ലാം അഭ്യാസികൾക്ക് ആദ്യമേതന്നെ നൽകപ്പെടും. പരിശ്രമത്തിലൂടെയും സ്ഥിരോത്സാഹത്തിലൂടെയും വളരുക മാത്രമേ അവർ ചെയ്യേണ്ടതുള്ളൂ.“

2010 ഏപ്രിൽ 29–നാണ് രണ്ടാമത്തെ സന്ദേശം ലഭിച്ചത്: ”താഴേ വിശ്വസ്ഥരായ ആത്മാക്കളുടെ ഈ ഒത്തുചേരൽ ഞങ്ങളെസ്പർശിക്കുന്നു. ഒരു ശരിയായ സ്നേഹഗീതം ഞങ്ങളിലേക്ക് ഉയർന്നു വരുന്നു. ... ഈ ജന്മവാർഷികത്തിന് ഉപരിയായി ഈ മിഷൻ മുഴുവനും തന്നെ അവസരത്തിനൊത്തുയരുന്നു. ഹൃദയങ്ങളെപ്രകാശിതമാക്കുന്ന ദിവ്യധാരയെ അതാകർഷിക്കുന്നു.“

30–ാം തിയ്യതി രാവിലെ ലഭിച്ച മാസ്റ്ററെ പ്രത്യേകമായി അഭിസംബോധന ചെയ്യുന്ന സന്ദേശത്തിൽ ബാബുജി പറയുന്നു, ”മകനെ, നീ മനുഷ്യരുടെ നേതാവാണ്, ജന്മനാതന്നെ സംഘടനാപാടവമുള്ളവൻ. ഈ ഒരു തലം നിനക്ക് നമ്മുടെ മിഷനിൽ സവിശേഷമായ ഒരു സ്ഥാനം നൽകുന്നു. നൂറ്റാണ്ടുകളോളം നീയിവിടെ മഹനീയമായ ഒരു സ്ഥാനം അലങ്കരിക്കും. ... സവിശേഷമായ ആ ശക്തിയെ തിരിച്ചറിഞ്ഞ് നാളത്തെ ലോകം അതിൻെറതന്നെ നന്മക്കായി ഐക്യപ്പെടട്ടെ. ഇല്ലായിരുന്നുവെങ്കിൽ വളരെനാൾ മുൻപേതന്നെ അത് ഒന്നുമല്ലാതായിതീർന്നേനെ.“

ഒരു സാധകന് അല്ലെങ്കിൽ ഭക്തന് വേണ്ട മൂന്ന് പ്രധാനപ്പെട്ട ഗുണങ്ങൾ മാസ്റ്ററോടുള്ള സ്നേഹവും, മാസ്റ്ററുമൊത്തുള്ള സത്സംഗവും മാസ്റ്ററോടുള്ള അനുസരണയുമാണെന്ന് മാസ്റ്റർ പറഞ്ഞു. ദിവസവുമുള്ള സാധന ചെയ്തുകൊണ്ട് നാമോരോരുത്തരും നമ്മുടെ ഉള്ളിലുള്ള ദിവ്യനാളത്തിനെ പ്രകാശിപ്പിക്കണം. ആത്മീയപുരോഗതിയൊന്നും തന്നെ പ്രതീക്ഷിക്കാതെ സ്നേഹം നിറഞ്ഞ് പൊട്ടുന്ന ഹൃദയവുമായി ബാബുജി മഹാരാജിനോടൊത്ത് ഭണ്ഡാരകളിൽ പങ്കെടുത്തിരുന്ന ദിനങ്ങളെമാസ്റ്റർ അനുസ്മരിച്ചു. അദ്ദേഹം പറഞ്ഞു, “ഇതൊരു കൊടുക്കൽ വാങ്ങൽ പ്രക്രിയയല്ല. നിങ്ങൾക്കുള്ളതെല്ലാം തന്നെ നൽകി അദ്ദേഹത്തിന് നിങ്ങൾക്ക് തരാൻ

For the complete audio of this speech please visit http://www.sahajmarg.org/audio/talk/april-30-2010-tiruppur






കഴിയുന്നതെല്ലാം അദ്ദേഹം ആഗ്രഹിക്കുമ്പോഴും നിങ്ങൾ അർഹരാകുമ്പോഴും ലഭിക്കുവാനുള്ള ഒരു പ്രക്രിയയാണ്."

"സഹജമാർഗ്ഗം പഠിപ്പിക്കുന്നത് ജീവിതത്തിൻെറ ലാളിത്യമാണ്. ... നിങ്ങളോരോരുത്തരും നിങ്ങളുടെ വ്യക്തിപരമായ ജീവിതത്തിൽ ലളിതമാകുവാൻ പരിശ്രമിക്കണം. നിങ്ങളുടെ ആവശ്യങ്ങൾ കുറക്കുകയും ലളിതമാക്കുകയും വേണം. നമ്മളുടെ ആവശ്യങ്ങൾ പൂർത്തിയാക്കപ്പെടും പക്ഷെ നമ്മുടെ ആഗ്രഹങ്ങൾക്ക് യാതൊരു പ്രസക്തിയുമില്ലെന്ന് ബാബുജി മഹരാജ് പറഞ്ഞത് നാം ഓർമ്മിക്കണം."

രാത്രിയിലുള്ള സാംസ്കാരിക പരിപാടികളിൽ ഒമേഗ സ്കൂളിലെ അധ്യാപികമാരുടെ നൃത്തം, മുംബൈയിലെ അഭ്യാസികൾ അവതരിപ്പിച്ച നാടകം, ഡോ.ജയന്തിയും കുമരേശും സംയുക്തമായി അവതരിപ്പിച്ച സംഗീത കച്ചേരി എന്നിവ ഉണ്ടായിരുന്നു. ഒത്തുചേരലിൻെറ ആത്മീയ അന്തരീക്ഷത്തിൽ അഭ്യാസികൾക്ക് മാസ്റ്ററെ സേവിക്കുവാനുള്ള അവസരം ലഭിക്കുകയും അദ്ദേഹത്തിൻെറ പ്രവൃത്തിയിൽ പങ്കെടുക്കുവാൻ സാധിക്കുകയും ചെയ്തു.





## മാസ്റ്ററുടെ യാത്രകൾ

### ചെന്നൈ



ബസന്ത് പഞ്ചമി ആഘോഷങ്ങൾക്ക് ശേഷം ഫെബ്രുവരി 10–ാം തിയതി മാസ്റ്റർ ജബൽപൂരിൽ നിന്നും ചെന്നൈയിൽ തിരിച്ചെത്തി. എത്തിയ ഉടനെ തന്നെ അദ്ദേഹം, ലാലാജി മെമ്മോറിയൽ ഒമേഗാ ഇൻററ്‍നാഷ്ണൽ സ്കൂളിൽ നടക്കുന്ന നിർമ്മാണ പ്രവർത്തികൾക്ക് മേൽനോട്ടം വഹിക്കാനായി പുറപ്പെട്ടു. അവിടെ അദ്ദേഹം കാണിച്ച ബാലസഹജമായ ഉത്സാഹം എല്ലാവരെയും അദ്ഭുതപ്പെടുത്തി. കഴിഞ്ഞ പല ആഴ്ചകളിലായി ക്ലേശകരമായ യാത്രയാണ് നടത്തിയിരുന്നത് എങ്കിൽപ്പോലും അദ്ദേഹം വിശ്രമിക്കാത്തതെന്ത് എന്നായിരുന്നു എല്ലാവരും ചിന്തിച്ചു കൊണ്ടിരുന്നത്. പിന്നീടുള്ള കുറച്ച് ദിവസങ്ങൾ മാസ്റ്റർ അവശ്യം വേണ്ട വിശ്രമം എടുത്തു.

ഫെബ്രുവരി 15–ാം തിയതി റഷ്യയിൽ നിന്നുള്ള അഭ്യാസികൾക്കൊപ്പം മാസ്റ്റർ പ്രാതൽ കഴിച്ചു. ശാസ്ത്രം, ക്ഷേത്രങ്ങൾ, മതാചാരങ്ങൾ തുടങ്ങിയവയെപ്പറ്റിയെല്ലാം അദ്ദേഹം അവരോട് സംസാരിച്ചു. അദ്ദേഹം ഇങ്ങനെ പറഞ്ഞു "യഥാർത്ഥ ഭവനത്തിൽ ചെന്നു ചേരുക എന്നതാണ് നമ്മുടെ ജീവിത ലക്ഷ്യം. മതം അതിലേക്കെത്താനുള്ള മാർഗ്ഗമായിരുന്നു. പക്ഷെ മതം മനുഷ്യനെ വിഭജിക്കുന്നു, എന്നാൽ ആത്മീയത അവരെ ഒന്നിപ്പിക്കുന്നു."

ഭയത്തെ എങ്ങനെ ഉന്മൂലനം ചെയ്യാം എന്ന ചോദ്യത്തിന് അദ്ദേഹത്തിൻെറ മറുപടി ഇങ്ങനെയായിരുന്നു. ക്രിസ്തുമതത്തിൽ യേശു പറയുന്നത് പൂർണ്ണമായ സ്നേഹം ഭയത്തെ ഇല്ലായ്മ ചെയ്യും എന്നാണ്. എന്നാൽ നമുക്ക് പൂർണ്ണമായ സ്നേഹം പോയിട്ട് സ്നേഹം പോലുമില്ല. നമുക്കാകെയുള്ളത് അടുപ്പവും, ആശ്രയത്വവും ആവശ്യവും മാത്രമാണ്. എവിടെയാണ് സ്നേഹമുള്ളത്? അതുകൊണ്ട് സ്നേഹമില്ലാത്തിടത്തെല്ലാം തന്നെ ഭയമുണ്ട്. ചിലരെയെങ്കിലും സ്നേഹിക്കുന്നുണ്ടെന്ന് നാമെല്ലാവരും വിചാരിക്കുന്നുണ്ടെങ്കിലും യഥാർത്ഥത്തിൽ നാമാരെയും സ്നേഹിക്കുന്നില്ല. സ്നേഹത്തിന് മാത്രമേ ഭയത്തെ ഇല്ലായ്മ ചെയ്യാൻ കഴിയൂ. നിങ്ങളുടെ അച്ഛനെ നിങ്ങൾ ഭയക്കുന്നുണ്ടെങ്കിൽ നിങ്ങൾക്ക് അദ്ദേഹത്തെ സ്നേഹിക്കാൻ കഴിയില്ല. ഞാൻ നിങ്ങളെ സ്നേഹിക്കുന്നു എന്ന് നിങ്ങൾ പറയുകയാണെങ്കിൽ അത് ഉള്ളിൽ തട്ടിയായിരിക്കണം പറയേണ്ടത്, അല്ലാതെ വെറും ഭംഗിക്ക് വേണ്ടിയാവരുത്."



മുംബൈ അഭ്യാസികളോടൊപ്പം







പിന്നീടുള്ള ചില ദിവസങ്ങളിൽ വിദേശികളായ അഭ്യാസികളെകണ്ട് സംസാരിക്കുന്ന തിരക്കിലായിരുന്നു മാസ്റ്റർ. എല്ലാ സായാങ്ങളിലും, കോട്ടേജിനു വെളിയിലുള്ള പുൽത്തകിടിയിൽ അഭ്യാസികളോടൊന്നിച്ച് മാസ്റ്റർ സംസാരിച്ചിരിക്കാറുണ്ടായിരുന്നു. ഈ കൂടിക്കാഴ്ചകൾ അവസാനിച്ചിരുന്നത് മിക്കപ്പോഴും സത്സംഗത്തിലായിരുന്നു.

ഫിബ്രുവരി 25–ാം തിയ്യതി മാസ്റ്റർ ധ്യാനമന്ദിരത്തിൽ സത്സംഗം നടത്തി. അതിന് ശേഷം അദ്ദേഹം ചില വിവാഹങ്ങൾക്ക് കാർമ്മികത്വം വഹിച്ചു. മുംബൈയിൽ നിന്നുള്ള നാന്നൂറോളം അഭ്യാസികൾ മാസ്റ്ററുടെ കൂടെ കഴിയുവാനായ് മണപ്പാക്കം ആശ്രമത്തിൽ എത്തിച്ചേർന്നിട്ടുണ്ടായിരുന്നു. മാസ്റ്റർ അവരുടെ കാര്യത്തിൽ വളരെ ശ്രദ്ധാലുവായിരുന്നു. അവർക്കായി ധാരാളം സിറ്റിങ്ങുകൾ നടത്തുകയും പലരേയും നേരിൽ കാണുകയും ചെയ്തു. ശനിയാഴ്ച വൈകുന്നേരം മാസ്റ്റർ ഡോർമ്മിറ്ററി 'എ' സന്ദർശിച്ച് അവരോട് കുശലാന്വേഷണം നടത്തുകയും ചെയ്തു. തനിക്ക് എല്ലാ സെൻററുകളിലേക്കും യാത്ര ചെയ്യാൻ ബുദ്ധിമുട്ടുള്ളതിനാൽ തന്നോടൊപ്പം താമസിക്കുവാൻ ചെന്നൈയിലേക്ക് വന്നതിന് മാസ്റ്റർ അവർക്ക് നന്ദി പ്രകാശിപ്പിച്ചു. അവർ വീണ്ടും വരുമെന്ന് മാസ്റ്റർ പ്രത്യാശിച്ചു.

ഫിബ്രുവരി 28–ന്, മുംബൈയിൽ നിന്നുള്ള അഭ്യാസികൾ, ബാബുജി മഹാരാജിൻെറ ജീവിതത്തെ ആസ്പദമാക്കിയുള്ള ഒരു ലഘുനാടകം അവതരിപ്പിച്ചു. ബാബുജിയുടെ ജീവിതത്തിലെ വിവിധ സംഭവങ്ങൾ കോർത്തിണക്കിയ നാടകം ഹൃദയസ്പർശിയായിരുന്നു. നാടകത്തിൽ പങ്കെടുത്തവരോടൊപ്പം മാസ്റ്റർ സമയം ചിലവഴിക്കുകയും ബാബുജിയുടെ മധുര സ്മരണകൾ അവരോട് പങ്കുവെക്കുകയും ചെയ്തു. ദൈവികതയിൽ മുങ്ങിയ ആ അന്തരീക്ഷത്തിൽ, എല്ലാവർക്കും തോന്നിയ വികാരം തങ്ങളെല്ലാം യഥാർത്ഥത്തിൽ ഷാജഹാൻപൂരിൽ ബാബുജിയുടെ സമീപത്ത് സ്ഥിതി ചെയ്യുന്നുവെന്നായിരുന്നു.

### ട്രിച്ചി

മുപ്പത് അഭ്യാസികൾക്കൊപ്പം മാസ്റ്റർ ട്രിച്ചിയിലേക്ക് യാത്ര തിരിച്ചു. ട്രിച്ചിയിൽ വച്ച് അദ്ദേഹത്തെ അഭ്യാസികൾ സ്വീകരിച്ചു. അദ്ദേഹം നേരെ പോയത് നഗരത്തിൽ നിന്നും 8 കിലോമീറ്റർ അകലെ സ്ഥിതി ചെയ്യുന്ന 'ജാനകി ഫാമി'ലേക്കായിരുന്നു.

മാർച്ച് 30–ാം തിയ്യതി ആശ്രമത്തിൽ വച്ച് അദ്ദേഹം സത്സംഗം നടത്തി. തിരിച്ച് വരും വഴി അദ്ദേഹം ഗോശാല സന്ദർശിക്കുകയും അടുത്തിടെ ജനിച്ച പശുക്കിടാങ്ങൾക്ക് പേരിടുകയും ചെയ്തു. ഉത്സാഹഭരിതനായി കാണപ്പെട്ട അദ്ദേഹം പേരിടൽ കർമ്മം വളരേയധികം ആസ്വദിക്കുന്നുണ്ടായിരുന്നു.

ഞാറ് നടൽ കാണുവാനായ് മാർച്ച് 4–ാം തിയ്യതി മാസ്റ്റർ ജാനകിഫാമിലേക്ക് പോയി. നിരവധി അഭ്യാസികൾ ഞാറ് നടലിൽ പങ്കെടുത്തതോടെ പാടം ഉത്സവഛായിലായി. അവിടെ കൂടിയിരുന്നവർക്കായി മാസ്റ്റർ സത്സംഗം നടത്തി. വൈകുന്നേരം മാസ്റ്റർ പുറത്ത് പുൽത്തകിടിയിൽ ഇരിക്കുകയും വിദേശത്ത് നിന്നും വന്ന ചില അഭ്യാസികളോട് സംസാരിക്കുകയും ചെയ്തു. പിന്നീടദ്ദേഹം സത്സംഗം നടത്തി.

മാർച്ച് 7 ഞായറാഴ്ച ധ്യാനമന്ദിരത്തിൽ അദ്ദേഹം സത്സംഗം നടത്തി. തദ്ദേശീയരായ ധാരാളം അഭ്യാസികൾ ഇതിൽ പങ്കെടുത്തു. മാസ്റ്റർ ആരോഗ്യവാനും ഉല്ലാസവാനായും കാണപ്പെട്ടിരുന്നു. അവിടത്തെ താമസത്തിനിടയിൽ ഇടയ്ക്കൊക്കെ തോപ്പിൽ നടക്കാൻ പോകാറുണ്ടായിരുന്നു. വിശ്രമവും ജോലിയും ഇടകലർന്നതായിരുന്നു ട്രിച്ചിയിലെ അദ്ദേഹത്തിൻെറ താമസം. മാർച്ച് 10–ന് മാസ്റ്റർ ചെന്നൈയിലേക്ക് തിരിച്ച് പോയി. അവിടെ നിന്നും ഖരഗ്പൂർ വഴി കൊൽക്കത്തിയിലേക്ക് യാത്ര തിരിച്ചു.

### ക്രെസ്റ്റ് ഖരഗ്പൂർ

മാർച്ച് 12–ാം തിയ്യതി മാസ്റ്റർ ഖരഗ്പൂരിലെ ക്രെസ്റ്റിൽ എത്തിച്ചേർന്നു. വൈകുന്നേരം 5 മണിക്ക് അദ്ദേഹം സത്സംഗം നടത്തി. രണ്ടാമത് എൻ.പി.ടി പ്രോഗ്രാം (ന്യൂ പ്രിഫെക്ട്സ് ട്രെയിനിംഗ് പ്രോഗ്രാം) മാർച്ച് 12 മുതൽ 14 വരെ ക്രെസ്റ്റിൽ നടത്തപ്പെട്ടു. സഹജമാർഗ്ഗത്തിൻെറ വിവിധ വശങ്ങളെക്കുറിച്ച് പുതിയ പ്രിസപ്റ്റർമാരിൽ അവബോധം ഉണ്ടാക്കുന്നതിനും അതുവഴി തങ്ങളുടെ ചുമതല ഭംഗിയായി നിർവഹിക്കുവാൻ അവരെ പ്രാപ്തരാക്കുവാനും ഉതകുന്നതായിരുന്നു ഈ സെമിനാർ.

മാസ്റ്റർ ക്രെസ്റ്റിലുള്ള പ്രദർശന വേദി ഉദ്ഘാടനം ചെയ്തു. അഭ്യാസികൾ അദ്ദേഹത്തിൻെറ കൂടെ അവിടെ സമയം ചിലവഴിച്ചു. അഭ്യാസികൾക്ക് ഇവിടം എല്ലായ്പ്പോഴും ഉപയോഗിക്കാമോ എന്ന ചോദ്യത്തിന് ഉത്തരമായി മാസ്റ്റർ ഇങ്ങനെ പ്രതികരിച്ചു – "തീർച്ചയായും ഇത് എല്ലാവർക്കുമുള്ളതാണ്". ഈ പ്രദേശത്തിൻെറ വൃത്തിയും സംശുദ്ധിയും പാവനതയും സംരക്ഷിക്കപ്പെടേണ്ടതാണെന്ന് അദ്ദേഹം ഊന്നിപ്പറഞ്ഞു. പിന്നീട്, ഗംഗയുടെയും ഗണപതിയുടേയും പ്രതിമകൾ സ്ഥാപിക്കേണ്ട സ്ഥാനങ്ങൾ മാസ്റ്റർ നിർദ്ദേശിച്ചു. മാസ്റ്റർക്ക് മേൽനോട്ടം വഹിക്കുന്നതിനായി പ്രതിമകൾ സ്ഥാപിക്കുന്നത് പിറ്റേന്ന് തന്നെ ആരംഭിച്ചു.

ഇറാനിലെ അഭ്യാസികൾക്കായ് ഒരന്താരാഷ്ട്ര സെമിനാർ മാർച്ച് 15 മുതൽ 21 വരെ ക്രെസ്റ്റിൽ നടത്തപ്പെട്ടു. ഈ അഭ്യാസികൾക്ക് മാസ്റ്ററുടെ കൂടെ കുറച്ച് ദിവസം താമസിക്കുവാൻ അവസരം ലഭിച്ചു.











സന്തോഷ ഭരിതമായ പുഞ്ചിരിയോടെ ധ്യാനമന്ദിരത്തിലെത്തി സലാം എന്നു പറഞ്ഞു അഭിസംബോധന ചെയ്ത് മിക്കവാറും എല്ലാ സത്സംഗങ്ങളും മാസ്റ്റർ തന്നെയാണ് നൽകിയിരുന്നത്. ഇറാനിയൻ അഭ്യാസികൾ ഉത്സാഹത്തൊടെയും സന്തൊഷത്തൊടെയും സലാം തിരികെ പറയുമായിരുന്നു. യുവാക്കളുടെ ഒരു സമ്മേളനം, 30 ഓളം വരുന്ന ഇറാനിയൻ പ്രശിക്ഷകരുടെ സമ്മേളനം, ഇതിലെ ചോദ്യോത്തര വേളയിൽ മാസ്റ്റർ പങ്കെടുത്തു, ദൈനംദിന പരിശീലനത്തെക്കുറിച്ചുള്ള വിശദീകരണം, പിന്നെ സ്ത്രീകളുടെ പങ്ക്, ദശസൂക്തങ്ങൾ, സദാചാരവും സ്വഭാവരൂപീകരണവും, വിബിഎസ്ഇ എന്നീ വിഷയങ്ങളെപറ്റിയുള്ള ചർച്ചകൾ തുടങ്ങി വിവിധ പരിപാടികൾ ഇറാനിയൻ അഭ്യാസികൾക്കായി നടത്തിയിരുന്നു. ഇറാനിയൻ അഭ്യാസികൾക്കായി 5 പുതിയ പ്രശീക്ഷകരെ മാസ്റ്റർ നൽകി. എല്ലാവർക്കുമായി അവസാനം മാസ്റ്റർ നൽകിയ ചോദ്യോത്തര വേളയോടുകൂടി ഈ ഒരാഴ്ച്ചയിലെ പരിപാടിക്കു സമാപ്തികുറിച്ചു.

ഇറാനിയൻ അഭ്യാസികളുടെ മാസ്റ്ററുടെ കൂടെ ചിലവഴിക്കാനുള്ള ഈ സന്ദർശനം യാദൃശ്ചികമായി ഇറാനിയൻ പുതുവർഷ വേളയിലായിരുന്നു. നൗറുസ് മുൻപായുള്ള അവസാന ചൊവ്വാഴ്ച വൈകുന്നേരം നടത്തുന്ന ചാഹർ–ഷാൻബൈ–സൂരി എന്ന ചടങ്ങ് സംഘടിപ്പിച്ചത് അവരെ സന്തോഷിപ്പിച്ചു. ചെറിയ തീകൂമ്പാരങ്ങൾ കത്തിച്ച് താളത്തിനും പാട്ടിനുമനുസരിച്ചു ആളുകൾ അത് ചാടികടന്നു. മാസ്റ്റർ തൻെറ ഗോൾഫ് വാഹനത്തിൽ ചടങ്ങു സന്ദർശിക്കാനായി എത്തിയിരുന്നു.

മാർച്ച് 20–ാം തീയതിയായിരുന്നു നൗറുസ് – (ഇറാനിയൻ പുതുവർഷം) ഇറാനിയൻ സമ്പ്രദായപ്രകാരം ഊൺ മേശയിൽ സാധനങ്ങൾ ഒരുക്കിയിരുന്നു. മാസ്റ്റർക്ക് അതിലെ ഓരൊ സാധനത്തെകുറിച്ചുള്ള ലഘു വിവരണവും നൽകി. ഒരു ചെറിയ നൃത്തസംഗീത പരിപാടിക്കുശേഷം ഇറാനിയൻ അഭ്യാസികൾ തയ്യാറാക്കിയ അത്താഴം മാസ്റ്ററും അവിടെ കൂടിയിരുന്ന എല്ലാവരും ആസ്വദിച്ചു. ഇറാന്യൻ പുതുവർഷത്തെ സ്വാഗതം ചെയ്തുകൊണ്ട് രാത്രി 10.30നു അവിചാരിതമായി നൽകിയ സത്സംഗത്തോടെ ആ ദിവസവും ഇറാന്യൻ പര്യടനവും സമാപിച്ചു.

മാർച്ച് 17–ാം തീയതി മാസ്റ്റർ ഗംഗയുടേയും ഗണേശൻെറയും പ്രതിമകൾ സ്ഥാപിക്കുന്നതു വീക്ഷിച്ചു. 21–ാം തീയതി അദ്ദേഹം കൊൽക്കത്തയിലേക്കു തിരിച്ചു. സഹോദരൻ അജയ് ഭട്ടരുടെ വസതിയിൽ താമസിക്കുകയും ചെയ്തു. മർച്ച് 24–ാം തീയതി കണ്ണീരിൽ കുളിച്ച അഭ്യാസികളെവിട്ട് അദ്ദേഹം ചെന്നൈയിലേക്കു പൊയി. ഇറാനിയൻ അഭ്യാസികൾ കണ്ണീരാൽ അവരുടെ സ്നേഹം പ്രകടിപ്പിക്കുകയും തങ്ങളുടെ പ്രിയപ്പെട്ട മാസ്റ്ററുടെ കൂടെ ചിലവഴിച്ച വിസ്മയകരമായ ദിവസങ്ങളെഹൃദയത്തിലേറ്റി മടങ്ങുകയും ചെയ്തു.

## കർറാടക അഭ്യാസികളുടെ ഒത്തുചേരൽ

പര്യടനം കഴിഞ്ഞു തിരിച്ചെത്തിയ ഉടനെ ദേഹാസ്വാസ്ഥ്യം കാരണം മാസ്റ്ററുടെ വസതിയിലേക്ക് സന്ദർശകർക്ക് നിയന്ത്രണമുണ്ടായിരുന്നു. ഞായറാഴ്ച സത്സംഗം നൽകുവാൻ വരുമ്പോൾ മാത്രമേ ആശ്രമത്തിൽ കൂടിയിരുന്ന അഭ്യാസികൾക്ക് മാസ്റ്ററെ കാണുവാൻ കഴിഞ്ഞുള്ളു.

എപ്രിൽ 2–ാം തീയതി മുതൽ 4–ാം തിയതി വരെ 3000 അഭ്യാസികൾ കർണ്ണാടകയിൽ നിന്നെത്തിയിരുന്നു. മാസ്റ്റർ 5 സത്സംഗങ്ങൾ നൽകി എല്ലാവരുടേയും ഹൃദയം പൂർണ്ണമായും നിറച്ചു.

മണപ്പാക്കം ആശ്രമത്തിലെ പുതിയ എഎംസി ആശ്രമം മുഴുവനായി ശുചിയാക്കുന്നതിനായി ഒരുപാടു ജോലികൾക്ക് രുപകൽപ്പന നൽകിയിരുന്നു. ഊർജ്ജസ്വലരായ 250 സ്വയംസേവകർ വേനൽ ചൂടിനെ വകവെക്കാതെ ആശ്രമ പരിസരത്തെ ചപ്പു ചവറുകൾ, മാവിൻ തോട്ടം, മലിന സംസ്കരണ പ്രദേശം, പാർക്കിംഗ് പ്രദേശം, അടുക്കള പിന്നെ ശൗചാലയങ്ങൾ മുതലായവ വൃത്തിയാക്കി. ഇത് ഒരു കഠിന പ്രയത്നമായിരുന്നിട്ടും വളരെ ലാഘവത്തോടെ സ്വയം സേവകർ ഇതു ഏറ്റെടുത്തു പൂർത്തിയാക്കുകയും അതിലൂടെ മസ്റ്ററുടെ സാന്നിധ്യം അനുഭവിക്കുയും ചെയ്തു.

മാസ്റ്റർ 3–ാം തീയതിയിലെ കലാപരിപാടികൾ കൊട്ടേജിലെ ടി വി യിൽ വീക്ഷിച്ചു . അതിലെ പങ്കാളികളെ പിന്നീടു നേരിൽ കാണുകയും അവരോടുകൂടി അൽപസമയം ചിലവഴിക്കുകയം ചെയ്തു.

വിബിഎസ്ഇ പാഠ്യപദ്ധതിയെ ആസ്പദമാക്കി കുട്ടികൾ തയ്യാറാക്കിയ ഒരു മാജിക്/ശാസ്ത്ര എക്സിബിഷൻ പ്രദർശിപ്പിച്ചിരുന്നു.

ഏപ്രിൽ 4–ാം തീയതി സത്സംഗത്തിനു ശേഷം സ. ദുരൈസ്വാമി അയ്യർ തൻെറ ചിന്തകൾ പങ്കുവെച്ചു. അതിനു ശേഷം മാസ്റ്റർ നൽകിയ ഹ്രസ്വ സന്ദേശത്തിൽ പ്രാദേശികമായും പിന്നെ ഭാഷാപരമായം ഉള്ള വേർതിരിവ് അവസാനിപ്പിക്കാൻ ആവശ്യപ്പെട്ടു.

അടുത്ത ആഴ്ച മാസ്റ്റർ ആശ്രമത്തിൽ തന്നെ കഴിച്ചുകൂട്ടി. ഏപ്രിൽ 9–ാം തീയതി സത്സംഗം നടത്തിയതിനുശേഷം അദ്ദേഹം 9 വിവാഹങ്ങൾക്ക് കാർമ്മികത്വം വഹിച്ചു. 14–ാം തീയതി തമിഴരുടെയും മലയാളികളുടെയും പുതുവർഷാവസരത്തിൽ സത്സംഗം നടത്തി. 4500 അഭ്യസികൾ ഈ സത്സംഗത്തിൽ പങ്കെടുത്തു.


മാസ്റ്റർ കൊയമ്പത്തൂർ വഴി തിരിപ്പൂരിലേക്കു 16–ാം തിയതി കാലത്തു യാത്ര തിരിച്ചു. ബാബൂജി മഹാരാജിൻെറ ജന്മദിനാഘോഷ പരിപാടികൾ ഏപ്രിൽ 29, 30 പിന്നെ മേയ് 1–ാം തീയതി കഴിയുന്നതു വരെ മാസ്റ്റർ തിരുപ്പുരിൽ തന്നെ താമസിക്കുന്നതാണ്.

ശ്രീ രാം ചന്ദ്ര മിഷൻ®
എക്കോസ് ഇന്ത്യ ന്യൂസ്‌ലെറ്റർ


## പുതിയ പ്രസിദ്ധീകരണങ്ങൾ

### ഹാർട്ട് സ്പീക്ക് 2009


ഹൃദയവാണി സീരീസിൽ ഈ പുതിയ പുസ്തകം മാസ്റ്ററുടെ ഇന്ത്യയിലുടനീളമുള്ള യാത്രാ സമയത്തു നൽകിയ പ്രഭാഷണങ്ങളും അനൗപചാരിക സംഭാഷണങ്ങളും അടങ്ങിയിരിക്കുന്നു.





റിയാലിറ്റി അറ്റ് ഡോൺ(കന്നഡ റിപ്രിൻറ്)




ഡെയിലി റിഫ്ലക്ഷൻസ് (ചൈനീസ്)





പ്രിൻസിപ്പൾസ് ഓഫ് സഹജമാർഗ്ഗ് – വാല്യം 1





റോൾ ഓഫ് മാസ്റ്റർ ഇൻ ഹ്യൂമൻ എവൊല്യൂഷൻ (തമിഴ്)



കമൻററി ഓൺ ടെൻ മാക്സിംസ് (മറാഠി)



പ്രിയതം സെ പ്രിയതം തക് – 2–ാം ഭാഗം



### തമിഴ് പ്രഭാഷണങ്ങളുടെ എം.പി–3 സമാഹാരം



ഇത് മാസ്റ്റർ തമിഴ്നാട്ടിലെ വിവിധ സ്ഥലങ്ങളിൽ(മധുരൈ, തിരുപ്പൂർ, ട്രിച്ചി, ചെന്നൈ) നടത്തിയ പ്രഭാഷണങ്ങളുടെ ഒരു സമാഹാരമാണ്. ഈ സീരീസിലെ രണ്ടാമത്തെ റിലീസായ ഈ സമാഹാരത്തിൽ 1979–ൽ അതായത് 3 ദശകങ്ങൾ മുൻപ് നടത്തിയ ഒരു പ്രഭാഷണവും അടങ്ങിയിരിക്കുന്നു. നാലു മണിക്കൂർ നീണ്ടു നിൽക്കുന്ന ഈ റെക്കോർഡിങ്ങിൽ ചില വിസ്മയകരമായ അനൗപചാരിക സംഭാഷണങ്ങളും പ്രായോഗികമായ പല ചോദ്യങ്ങളും അടങ്ങിയ മാസ്റ്ററുമായുള്ള ഒരു ചോദ്യോത്തരവേളയും ഉൾക്കൊള്ളിച്ചിരിക്കുന്നു.

### ഫോട്ടോ പ്രസിദ്ധീകരണങ്ങളുടെ റിലീസുകൾ




#### ബാബുജി – ചിത്രങ്ങളുടെ ആൽബം

ആദ്യമായി റിലീസ് ചെയ്ത ഈ ആൽബത്തിൽ ബാബുജിയുടെ ഛായാചിത്രങ്ങളാണ് അടങ്ങിയിരിക്കുന്നത്. കറുത്ത ബോർഡിൽ ഒട്ടിച്ചിരിക്കുന്ന 20 ഫോട്ടോകളാണ് ഈ ആൽബത്തിൽ അടങ്ങിയിരിക്കുന്നത്.

#### ഫോട്ടോഗ്രാഫുകൾ

ബാബുജിയുടെ ഏതാണ്ട് 20 ഫോട്ടോകളും മാസ്റ്ററുടെ ചില പുതിയ ചിത്രങ്ങളും.

#### ആർകൈവൽ പ്രിൻറുകൾ

ബാബുജിയുടെയും മാസ്റ്ററുടെയും പുതിയ ഫോട്ടോകൾ ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഇത് വിവിധ വലുപ്പത്തിലും ഫ്രേമിലും ലഭ്യമാണ്.

### ധാർവാഡിലെ മൂല്യാധിഷ്ഠിത വിദ്യാഭ്യാസ പരിപാടി

മാർച്ച് 27–ന് ബാംഗ്ലൂർ സെൻററിലെ സ.മാധുരിയും സ.ആശയും ചേർന്ന് ധാർവാഡിലെ എസ്.ഡി.എം. സെന്ട്രൽ സ്കൂളിൽ മൂല്യാധിഷ്ഠിത വിദ്യാഭ്യാസത്തെ ആസ്പദമാക്കിയുള്ള ഒരു പരിപാടി സംഘടിപ്പിക്കുകയുണ്ടായി. ഇത് ഇവിടെ സംഘടിപ്പിക്കുന്ന ഇത്തരത്തിലുള്ള രണ്ടാമത്തെ പരിപാടിയായിരുന്നു.

എസ്.ഡി.എം. സെന്ട്രൽ സ്കൂളിന്റെ പ്രിൻസിപ്പാളായ ശ്രീമതി സാധന ആഗസ്റ്റ് 2009–ൽ എസ.ആർ.സി.എം. ഹുബ്ലിയിൽ നടത്തിയ ഇത്തരം ഒരു പരിപാടിയിൽ പങ്കെടുത്തിരുന്നു. അവരുടെ അഭ്യർത്ഥന പ്രകാരമായിരുന്നു ധാർവാഡിൽ ഈ പരിപാടി നടത്തിയത്. മൂല്യങ്ങൾ, മൂല്യങ്ങൾ സാക്ഷാത്കരിക്കാൻ ഉതകുന്ന മൂന്ന് രീതികൾ, മനസ്സിനെ ചിട്ടപ്പെടുത്തൽ എന്നീ വിഷയങ്ങളെക്കുറിച്ച് ഈ പരിപാടിയിൽ വിവരിക്കുകയുണ്ടായി. പങ്കെടുത്തവരിൽ നിന്നുമുയർന്ന ചോദ്യങ്ങളുടെ എണ്ണത്തിൽ നിന്നും ഈ പരിപാടി വളരെ നല്ല രീതിയിൽ തന്നെ അവർ സ്വീകരിച്ചതായി കാണപ്പെട്ടു. ഇത്തരം കുടുതൽ പരിപാടികൾ അവരുടെ സ്കൂളിൽ നടത്തണമെന്ന അഭിപ്രായമായിരുന്നു അവർക്കുണ്ടായിരുന്നത്.

### സ്വയംസേവകരുടെ പരിശീലനം, കാക്കിനാഡ, ആന്ധ്രപ്രദേശ്

ഫെബ്രുവരി 13, 14 തിയതികളിൽ സോണൽ തലത്തിലുള്ള ഒരു ദ്വിദിന പരിപാടി ആന്ധ്രപ്രദേശിലെ കാക്കിനാഡ സെൻററിൽ വച്ച് നടത്തുകയുണ്ടായി. ഈ പരിപാടി ആസൂത്രണം ചെയ്തത് സോണൽ ഇൻ ചാർജ് സ.മധുവും അത് സംഘടിപ്പിച്ചത് കാക്കിനാഡയുടെ സെൻറർ ഇൻ ചാർജായ സ.കൊസുരി യദുസൂര്യയുമായിരുന്നു. ഒരു സോണിൽ എന്തൊക്കെ പരിപാടികൾ നടത്താൻ പറ്റും എന്നതിനെക്കുറിച്ച് സ്വയം സേവകർക്ക് അറിവു നൽകുക എന്ന ഉദ്ദേശത്തോടെയായിരുന്നു ഈ പരിപാടി സംഘടിപ്പിച്ചത്. ഇത് നമ്മുടെ മിഷന്റെ ലക്ഷ്യത്തെ എല്ലാവരിലേക്കും എത്തിക്കാൻ സഹായകമാകും. മൂല്യാധിഷ്ഠിത വിദ്യാഭ്യാസത്തെ ആസ്പദമാക്കിയുള്ള അധ്യാപക പരിശീലന പരിപാടികൾ, തുറന്ന സദസ്സുകൾ ആസൂത്രണം ചെയ്യുകയും അത് സംഘടിപ്പിക്കുകയും ചെയ്യുന്നതെങ്ങനെ, ഭവനങ്ങളിലെ ഒത്തുചേരലുകൾ എന്നിവയെക്കുറിച്ച് ഈ പരിപാടിയിൽ ചർച്ചചെയ്യുകയുണ്ടായി. കുട്ടികൾക്കായുള്ള ഒരു പ്രവർത്തന പരിപാടിക്ക് രൂപം നൽകുകയും ഇതിൽ ചിത്രരചനയും, ശാസ്ത്രീയമായ രീതികളുടെ സങ്കീർണ്ണത, നേതൃത്വം, കായികം എന്നിവയും ഉൾപ്പെടുത്തുകയുണ്ടായി. 150–ൽ അധികം അഭ്യാസികൾ ഇതിൽ പങ്കെടുത്തിരുന്നു. എല്ലാവരും ഈ പരിപാടി വളരെ നല്ല രീതിയിൽ തന്നെ സ്വീകരിച്ചു.



ശ്രീ രാം ചന്ദ്ര മിഷൻ®
എക്കോസ് ഇന്ത്യ ന്യൂസ്‌ലെറ്റർ





## റേഡിയോ സംപ്രേക്ഷണം

കർണ്ണാടകത്തിലെ തുംകൂറിലെ സിദ്ധാർത്ഥ റേഡിയോ സ്റ്റേഷൻ സഹജമാർഗ്ഗ ധ്യാനത്തെപ്പറ്റിയുള്ള ഒരു അഭിമുഖം ഏപ്രിൽ 17–ാം തീയതി സംഘടിപ്പിച്ചിരുന്നു. 40 മിനിറ്റ് നീണ്ടു നിന്ന ഈ പരിപാടിയിൽ ബാംഗ്ലൂരിലെ സ.വസന്തകുമാരി ചോദ്യങ്ങൾക്ക് ഉത്തരം നൽകി. ഒരു വ്യക്തിക്ക് സഹജമാർഗ്ഗത്തിലൂടെയുള്ള നേട്ടം, ആന്തരിക പരിവർത്തനത്തിന് ധ്യാനത്തിന്റെ ആവശ്യകത, സന്തുലിത നിലനിൽപ്പ്, സഹജമാർഗ്ഗത്തിന്റെ പ്രധാന ലക്ഷ്യവും മാസ്റ്ററുടെ പങ്കിനെപ്പറ്റിയുമെല്ലാം ഈ പരിപാടിയിൽ ചർച്ച ചെയ്തു. എസ്.എസ്.ഐ.ടി കോളേജ് സമൂഹത്തിനു വേണ്ടി നടത്തുന്ന ഒരു റേഡിയോ ചാനലാണ് റേഡിയോ സിദ്ധാർത്ഥ. സാധാരണ ജനങ്ങൾക്ക് ഉപയോഗപ്രദമുള്ള പരിപാടികൾ ദിവസവും 6 മുതൽ 8 മണിവരെ ഈ റേഡിയോ ചാനൽ സംപ്രേക്ഷണം ചെയ്തു വരുന്നു.

## പുതിയ പ്രശിക്ഷകർക്കായുള്ള പരിശീലന പരിപാടി

പുതിയ പ്രശിക്ഷകരുടെ രണ്ടാമത്തെ ബാച്ചിന്റെ പരിശീലന പരിപാടി മാർച്ച് 12 മുതൽ 14 വരെ ഖരഗ്പൂരിലെ ക്രെസ്റ്റിൽ വെച്ച് നടന്നു. എല്ലാദിവസത്തേയും പരിപാടി രാവിലെ 6 മണിക്ക് ചർച്ചയോടെ ആരംഭിക്കും തുടർന്ന് സത്സംഗവും പ്രാതലും. രാവിലെ 9 മണിയുടെ സെഷനിൽ വിസ്പേർസിലുള്ള ഒരു സന്ദേശം വായിച്ച് അതിന്റെ ഉള്ളടക്കത്തിനെക്കുറിച്ചുള്ള ചർച്ചയും തുടർന്ന് പ്രഭാഷണങ്ങളും ഉണ്ടായിരുന്നു. ഉച്ച ഭക്ഷണത്തിനുശേഷം നടന്ന ചർച്ചയിൽ അനുകൂല ചിന്തനത്തെപ്പറ്റിയും, ഉൾവിളികൾ അനുസരിക്കുന്നതിനെപ്പറ്റിയും, അനാവശ്യമായ ഗുണദോഷിക്കലും ചർച്ച നടന്നു.

ഈ ബാച്ചിൽ സംസാരിച്ചതിൽ ആറിൽ നാലു പേരും പടിഞ്ഞാറൻ പാശ്ചാത്യ രാജ്യങ്ങളിൽ 1970–കളിൽ ബാബുജി മഹാരാജിന്റെ കൂടെ സഹജമാർഗ്ഗത്തിൽ ചേർന്നവരായിരുന്നു. "സഹജമാർഗ്ഗം ഒരു ജീവിത രീതി" എന്നതിനെപ്പറ്റി ജർമ്മനിയിലെ ഡോറിത് വാർണിങ്ങും അതിനെത്തുടർന്ന് ഒരു പ്രശിക്ഷകന്റെ ജോലി എന്നതിനെപ്പറ്റി അൽമോറയിലെ ചുപ്പാൽ ഭൂപേന്ദ്രയും സംസാരിച്ചു. രണ്ടാമത്തെ ദിവസം നടന്ന പരിപാടിയിൽ സ. അജയ്ഭട്ടർ "ഒരു പ്രശിക്ഷകന്റെ പങ്കും ഉത്തരവാദിത്തവും" എന്നതിനെപ്പറ്റിയും ഇറ്റലിയിലെ ഫാസ്റ്റോ റുസ്സോ "ബഹുമാന മനോഭാവം" എന്നതിനെപ്പറ്റിയും പ്രഭാഷണം നൽകി. സ്നേഹവും സമർപ്പണമനോഭാവവും എന്നതിനെപ്പറ്റി മ്യൂണിക്ക് ജർമ്മനിയിലെ ഓട്ടോ റെയ്ചെനീഡർ മൂന്നാം ദിവസം സംസാരിച്ചു. പ്രശിക്ഷകനായുള്ള തന്റെ അനുഭവവും പഠനവും എന്നതിനെപ്പറ്റി മാസ്റ്ററും ബാബുജിയുമായുള്ള ഇടപഴകൽ ഒരു കഥാരൂപേണ കാനഡയിലെ ക്രിസ്റ്റീൻ പ്രിസ്സാൻഡ് സംസാരിച്ചു. "അദ്ദേഹത്തെ അനുകരിക്കുക" എന്ന അവസാനത്തെ പരിപാടിയിൽ , ഈ മൂന്നു ദിവസം നടന്ന ചർച്ചകളും മറ്റുള്ള പരിപാടികളെയെല്ലാം പറ്റി വിശകലനം നടന്നു. ഭാവിയിൽ എങ്ങനെ മാസ്റ്ററെ അനുകരിച്ച് പ്രശിക്ഷകരുടെ പ്രവൃത്തികൾ നടപ്പിലാക്കാം എന്നതിനെപ്പറ്റി തിരുപ്പൂരിലെ സ.എൻ.പ്രകാശ് സംസാരിച്ചു. ഭാവിയിലെ പരിശീലന പരിപാടി ഇന്ത്യയിലെ വിവിധ കേന്ദ്രങ്ങളിൽ വെച്ചും നടത്തുന്നതാണ്.

## തീവ്രവാദത്തെപ്പറ്റി മനസ്സിലാക്കുകയും പ്രതികരണവും

തീവ്രവാദത്തെപ്പറ്റി മനസ്സിലാക്കുകയും അതിനെ എങ്ങനെ പ്രതികരിക്കണമെന്നതിനെപ്പറ്റിയുമുള്ള ചർച്ചയിൽ എസ്.ആർ.സി.എമിനെ പ്രതിനിധീകരിക്കുവാൻ ജോയിൻറ് സെക്രട്ടറി എ.പി.ദുരൈയെയും, കർണ്ണാടക വടക്ക് സോണൽ ഇൻ ചാർജ്ജായ സ. ശരത് ഹെഗ്ഡെയെയും മാസ്റ്റർ നിയോഗിച്ചു. ഫെബ്രുവരി 25–ാം തീയതി ഇക്യുമെനിക്കൽ ക്രിസ്റ്റ്യൻ സെൻററാണ് ബാംഗ്ലൂരിൽ ഈ പരിപാടി സംഘടിപ്പിച്ചത്. ഇന്ത്യയിലെ പല പ്രദേശത്തിൽ നിന്നുമുള്ള വിവിധ മതസ്ഥരെയും ഈ പരിപാടിയിൽ ഒരേ വേദിയിൽ കൊണ്ടു വന്നു. അവരുടെ ചിന്തകളെപ്പറ്റി സംസാരിക്കുവാനും അവസരമൊരുക്കി. പല തുറകളിലെ വിദഗ്ദ്ധന്മാരെ ഒന്നിച്ചു കൊണ്ടുവരുവാനും അവരുടെ ചിന്തകളെപ്പറ്റി സംസാരിക്കുവാനും ഒരു പാനൽ ചർച്ച നടത്തുവാനും സാധിച്ചു. ഉദ്ഘാടന വേളയിലെ പ്രസംഗത്തിൽ ഇസിസി ഡയറക്ടറായ ഡോ.മണിചാക്കോ ആഗോളമതത്തിനുപരിയായി ഒരു ആഗോളസദാചാരത്വം വളർത്തിയെടുക്കുവാൻ ഉദ്ഘോഷിച്ചു. ഐസിഎസ്എ ഡയറക്റ്റർ മോസ്സസ് മനോഹർ തന്റെ മുഖ്യ പ്രാസംഗിക പ്രഭാഷണത്തിൽ ഈ പ്രശ്നത്തിനെ ഒരു പുതിയ കാഴ്ചയോടെ അനുഗമിക്കുവാനും സർക്കാറുകളുടെ ഭാഗത്ത് നിന്ന് പ്രതിബദ്ധതയോടെയുള്ള ഒരു മനോഭാവവും, ജനങ്ങളിൽ അന്തരംഗത്തിൽ തട്ടുന്ന ഒരു ഉൾതിരിവ് കൊടുക്കുവാൻ വിവിധ മത വിഭാഗങ്ങളോടും അഭ്യർത്ഥിച്ചു.

മതത്തിനുപരിയായി ആത്മീയത എന്നതിനെപ്പറ്റിയും, ഒരു മനുഷ്യന്റെ ആന്തരിക പരിവർത്തനം ഒരു സമൂഹത്തിന്റെ കൂട്ടായ മാറ്റത്തിനുള്ള വഴിയും എന്നതിനെപ്പറ്റിയുമെല്ലാം സ.ദുരൈ തന്റെ പാനൽ ചർച്ചാവേളയിൽ സംസാരിച്ചു. പങ്കെടുത്തവരെല്ലാം ഈ പരിപാടിയെ വളരെ അനുമോദിച്ചു. അതിനുമുപരിയായി പങ്കെടുത്ത ചില യാഥാസ്ഥിതിക മതവികാരമുള്ളവരിൽപോലും ഒരു ആന്തരിക പ്രസക്തി നൽകുവാൻ ഈ പരിപാടികൊണ്ട് സാധ്യമായി.



## സഹോദരിമാർക്കുള്ള ശിൽപശാല



മാർച്ച് 21–ന് ഇൻഡോർ കേന്ദ്രം സഹോദരിമാർക്കു വേണ്ടി ഒരു അര ദിവസത്തെ ശിൽപശാല സംഘടിപ്പിച്ചു. "സാധനയെ സഹോദരി അഭ്യാസികളുടെ ബഹുമുഖ ഉത്തരവാദിത്വങ്ങളുമായി സമന്വയിപ്പിക്കുക" എന്നതായിരുന്നു പരിപാടിയുടെ വിഷയം. ഇൻഡോറിൽനിന്നും സമീപപ്രദേശങ്ങളിൽനിന്നുമുള്ള നൂറോളം സഹോദരിമാർ ഈ ചർച്ചയിൽ പങ്കെടുത്തു. സാധന എല്ലാവർക്കും പൊതുവാണെങ്കിലും, ഉണ്മയുമായി ഒരേ ആത്മാവാണ് വിലയം പ്രാപിക്കുന്നത് എങ്കിലും ഭൂമിയിൽ ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കുന്ന സ്ത്രീ, പുരുഷൻ എന്ന രണ്ട് ലിംഗ വ്യത്യാസങ്ങൾ ഉണ്ട് എന്ന് വിജയ ദേശ്പാണ്ഡെ എന്ന സഹോദരി വിശദീകരിച്ചു. ഈ വ്യത്യസ്ത ഉത്തരവാദിത്വങ്ങൾ എങ്ങനെയാണ് നിർവ്വഹിക്കേണ്ടത് എന്ന് മാസ്റ്റർ വിശദീകരിക്കുന്നത് നാം മനസ്സിലാക്കേണ്ടതുണ്ട്. സാധന അനുഷ്ടിക്കുമ്പോൾ തന്നെ ഗൃഹഭരണം, അദ്ധ്യാപനം, ഡോക്ടർ, മജിസ്ട്രേറ്റ് എന്നീ ഉത്തരവാദിത്വങ്ങൾ എങ്ങനെയാണ് നിർവ്വഹിക്കുന്നത് എന്ന് സഹോദരിമാർ തങ്ങളുടെ അനുഭവം പങ്കുവെച്ചു.

ശിൽപശാലയുടെ രണ്ടാം പകുതിയിലെ ഗ്രൂപ്പ് ചർച്ചയിൽ സാധനയിൽ അവർക്ക് നേരിടേണ്ടിവന്ന ബുദ്ധിമുട്ടുകളെകുറിച്ച് സംസാരിക്കുവാൻ ആവശ്യപ്പെട്ടു. സഹോദരന്മാർ തങ്ങളുടെ പങ്ക് അടുക്കളയിലും മറ്റു വളൻറിയർ പ്രവർത്തനങ്ങളിലും കൂടെ കാഴ്ച വെച്ചു.


## പ്രസിദ്ധീകരണ വിഭാഗത്തിൽ നിന്നുള്ള അറിയിപ്പ്

മാസ്റ്ററുടെ ഔപചാരികവും അനൗപചാരികവുമായ സംഭാഷണങ്ങൾ അഭ്യാസികൾക്കിടയിൽ വിതരണം ചെയ്യപ്പെടുന്നതായും അവ ഒരു ശൃംഖലയായി ഈമെയിൽ വഴി മറ്റുള്ളവർക്ക് അയച്ചു കൊടുക്കുന്നതായും ഞങ്ങളുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. അതിൽ തെറ്റുകളും വികൽപങ്ങളും അഭിപ്രായങ്ങളും ഉൾപെടാൻ സാദ്ധ്യതയുണ്ട്. മാസ്റ്റർ പറഞ്ഞത് അതേ അർത്ഥത്തിൽ എത്താൻ സാദ്ധ്യത കുറവായതുകൊണ്ട്, നമ്മുടെ സ്ഥാപനത്തിനു തന്നെ അതൊരു ഭീഷണിയായി കാണേണ്ടിയിരിക്കുന്നു.

ഔദ്യോഗികമല്ലാത്ത അത്തരം സന്ദേശങ്ങൾ അയക്കുന്നതിന് ആർക്കും അധികാരമോ സമ്മതപത്രമോ ഇല്ല. അനൗദ്യോഗികമായ ഇത്തരം പ്രചരണങ്ങളിൽനിന്നും അഭ്യാസികൾ വിട്ടു നിൽക്കണമെന്ന് അപേക്ഷിക്കുന്നു. അത്തരം പ്രചരണം ആരുടേയെങ്കിലും ശ്രദ്ധയിൽ പെട്ടാൽ പ്രസിദ്ധീകരണത്തിൻെറ (print@srcm.org)ശ്രദ്ധയിൽ കൊണ്ടു വരുവാൻ താൽപര്യപ്പെടുന്നു.

മാസ്റ്ററുടെ പ്രഭാഷണങ്ങൾ ഔദ്യോഗികമായി മിഷൻെറ www.sahajmarg.org എന്ന വെബ് സൈറ്റിൽ ഏതാനും ദിവസങ്ങൾക്കുള്ളിൽ തന്നെ പ്രസിദ്ധീകരിക്കുന്നുണ്ട്. ഇത് എല്ലാവർക്കും കാണാവുന്നതാണ്.

## ഭൂതകാലത്തിലേക്ക് ഒരെത്തിനോട്ടം




1960 മുതൽ 65 വരെ ബാബുജി മഹരാജ് ഭാരതം മുഴുവൻ സന്ദർശിച്ചു. 1964–65 ലെ "സഹജമാർഗ" പത്രികയിൽ അദ്ദേഹം സന്ദർശിക്കുവാൻ പോകുന്ന സ്ഥലങ്ങളെകുറിച്ച് പറഞ്ഞിട്ടുണ്ട്. ദില്ലി, വിജയവാഡ, ഹൈദരബാദ്, ബീദർ, സേഡം, ഗുൽബർഗ്ഗ, ബീജാപൂർ, ഹസ്സൻ ,മൈസൂർ, ബാംഗ്ലൂർ, തിരുവണ്ണാമല, ട്രിച്ചി, തിരുപ്പതി, കഡപ്പ, ചെന്നൈ, ഭോപ്പാൽ, ഒറായ്, ലക്നൗ എന്നിവയായിരുന്നു ആ സ്ഥലങ്ങൾ. ഈ യാത്രകളിൽ അദ്ദേഹം നൽകിയ ചില സന്ദേശങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

### സെപ്റ്റംബർ 1960

ആദ്ധ്യാത്മികതയിൽ അത്യാവശ്യം വേണ്ടത് മിതത്വമാണ്. ഇതിന് ധാരാളം വ്യാപ്തിയുണ്ട്. മറ്റുള്ളവർക്ക് സ്വീകാര്യമാകുന്ന വിധത്തിൽ നമ്മുടെ ബാഹ്യമായ പെരുമാറ്റ രീതി മാറ്റുക മാത്രമല്ല ഇവിടെ അർത്ഥമാക്കുന്നത്. മറിച്ച് നമ്മുടെ മാനസികവും ശാരീരികവുമായ എല്ലാ പ്രവർത്തികളും ഇതിൽ ഉൾപ്പെടുന്നു.

മൂലം: " സാർവ്വ ലൗകിക സന്ദേശങ്ങൾ"' എൻെറ മാസ്റ്ററുടെ സന്ദേശം'

### മാർച്ച് 1964 ഹോളിക്ക് ബാബുജിയുടെ സന്ദേശം

"ലക്ഷ്യത്തെ കുറിച്ച് ഭ്രാന്തമായ ആവേശമുള്ളവനു മാത്രമേ അവിടെ എത്തിച്ചേരാൻ സാധിക്കുകയുള്ളു. അതിന് അതു മാത്രമേ വഴിയുള്ളൂ. ആ വഴി സ്വീകരിച്ചവർക്ക് വിജയം സുനിശ്ചിതമാണ്. പക്ഷേ, അതിന് നിങ്ങളുടെ ഹൃദയത്തിൽ നൊമ്പരം ഉണ്ടായിരിക്കണം. അതിനുള്ള മരുന്ന് അപ്പോൾ ഉണ്ടാവും. എല്ലാ സാധനയുടെയും ലക്ഷ്യം അതാണ്".

'ഈശ്വര നിശ്ചയത്തോടെ മാത്രമേ ഏതൊരു ചലനവും സംഭവ്യമാകുന്നുള്ളു. എന്നാൽ അതു നമ്മുടെ ഇച്ഛയ്ക്കും പ്രവർത്തിക്കും അനുസൃതമാണ് നടക്കുന്നത് എന്ന തോന്നലാണ് അപകടം. അതുകൊണ്ടാണ് വിജയത്തിൽ ആഹ്ലാദിക്കുകയും പരാജയത്തിൽ ദുഖിക്കുകയും ചെയ്യുന്നത്. അതു മാത്രമാണ് നമ്മെ ബന്ധനത്തിൽ നിർത്തുന്നത്. അഹംഭാവത്തിൻെറ തേയ്മാനമാണ് യഥാർത്ഥ ശക്തിയുടെ ആവിർഭാവം. ഇതെങ്ങനെ സാധിക്കാം? അതിന് ആ ഉയർന്ന ദിവ്യശക്തിയുമായി ബന്ധിപ്പിക്കുക മാത്രമേ ചെയ്യേണ്ടതുള്ളു. അതിൻെറ ഫലമായി നാം പടിപടിയായി അദ്ദേഹത്തിനു സമീപം എത്തിചേരും. '

"ചിലർ മനസ്സിൻെറ തൽക്കാല ശാന്തിക്കുവേണ്ടി എന്നെ സമീപിക്കുന്നവരാണ്. തൽക്കാലത്തേക്കെങ്കിലും ആ സമാധാനം നൽകാൻ കഴിയുമല്ലോ എന്ന സമാധാനം എനിക്കും ലഭിക്കുന്നു. എന്നാൽ അതു മാത്രം പോരാ. ചിലരാകട്ടെ സാമാന്യ മര്യാദയുടേയും സൗഹൃദത്തിൻേറയും പേരിൽ ഞാനുമായി ബന്ധപ്പെട്ടിരിക്കുന്നു. അവർക്ക് സാക്ഷാത്കാരമൊന്നും വിഷയമല്ല. ഇതും ഞാൻ ചെറുതായി കാണുന്നില്ല. കാരണം ഹൃദയത്തിൽ എന്നോട് സ്നേഹവുമുണ്ടെന്ന് കണ്ടെത്തുമ്പോൾ എനിക്കും സന്തോഷവും ഉത്സാഹവും തോന്നാറുണ്ട്. ഒരാൾക്ക് സ്നേഹിക്കാൻ പലതും പലരുമുണ്ടെങ്കിലും അവർ എന്നെ എന്തിനു സ്നേഹിക്കുന്നു എന്നെനിക്കു മനസ്സിലാവുന്നു. എല്ലാം നഷ്ടപ്പെട്ട അല്ലെങ്കിൽ എല്ലാം നഷ്ടപ്പെടാൻ തയ്യാറായ ഒരു വ്യക്തി മാത്രമേ എന്നിലേക്കു വരികയുള്ളു. എൻെറ മനസ്സിൻെറ പ്രവണതകൾ ഒരു പ്രത്യേക തരമാണ്. സ്വയം പൂർണ്ണമായും നഷ്ടപ്പെട്ട എന്നെ അവർ കണ്ടുപിടിക്കട്ടെ എന്നാണ് ഞാൻ ആഗ്രഹിക്കുന്നത്."

മൂലം: സഹജമാർഗ പത്രിക ജൂലൈ 1964.

ശ്രീ രാം ചന്ദ്ര മിഷൻ®
എക്കോസ് ഇന്ത്യ ന്യൂസ്‌ലെറ്റർ

# ഉപന്യാസ രചന 2009 സർട്ടിഫിക്കറ്റ് വിതരണം

ഐക്യരാഷ്ട്ര സഭയുടെ ഇന്ത്യ-ഭൂട്ടാൻ ഇൻഫർമേഷൻ സെൻററുമായി സഹകരിച്ച് ശ്രീ രാം ചന്ദ്ര മിഷൻ ആഗസ്റ്റ് 12, 2009 ന് നടത്തിയ ഉപന്യാസ രചന 2009 , മാസ്റ്ററുടെ സന്ദേശം കുട്ടികളിലേക്കും തദ്വാരാ അവരുടെ കുടുംബങ്ങളിലേക്കും എത്തിക്കുക എന്ന ലക്ഷ്യത്തോടെയുള്ള ഒരു ബൃഹത്തായ സംരംഭമായിരുന്നു.

ഉപന്യാസങ്ങൾ എല്ലാം വായിച്ച് അതിൽനിന്നും നല്ലത് തിരഞ്ഞെടുക്കുക എന്നത് ഒരു ശ്രമകരമായ ജോലി തന്നെയായിരുന്നു. രാജ്യത്തുടനീളമുള്ള വളൻറിയർമാരുടെ പരിശ്രമഫലമായി, നാഷണൽ, സോണൽ, സ്കൂൾ എന്നീ തലങ്ങളിലുള്ള ഉപന്യാസങ്ങൾ തിരഞ്ഞെടുത്തു. ഉയർന്ന നിലവാരമുള്ള ഉപന്യാസം എഴുതിയ കുട്ടികളെആദരിക്കുന്നതിനു വേണ്ടി മുഖ്യ കേന്ദ്രങ്ങളിൽ ചടങ്ങുകൾ സംഘടിപ്പിച്ചു. മിഷനെക്കുറിച്ചും ഉപന്യാസ രചനയുടെ പിന്നിലുള്ള ലക്ഷ്യത്തേക്കുറിച്ചും, വിദ്യാർഥികളോടും, രക്ഷിതാക്കളോടും, സ്ഥാപനങ്ങളിലെ ജീവനക്കാരോടും പങ്കുവെക്കുന്നതിന് ഇതു വേദിയായി. കുട്ടികളിൽ മൂല്യം വളർത്തുക എന്ന മിഷൻെറ ലക്ഷ്യത്തിൽ രക്ഷിതാക്കളും അദ്ധ്യാപകരും സന്തോഷവാന്മാരായിരുന്നു. സഹജമാർഗ സമ്പ്രദായത്തെ എല്ലാവരും സഹർഷം ശ്രവിക്കുകയും അത് പരിശീലിക്കുന്നതിന് താൽപര്യം പ്രകടിപ്പിക്കുകയും ചെയ്തു. മിഷനുവേണ്ടി പല തലത്തിൽ പ്രവർത്തിക്കുന്നതിന് ഈ ഉപന്യാസ രചനാ മത്സരം അവസരം നൽകി.

രാജ്യത്തിൻെറ വിവിധ കേന്ദ്രങ്ങളിൽ സർട്ടിഫിക്കറ്റ് വിതരണം ചെയ്തതിനെക്കുറിച്ചുള്ള റിപ്പോർട്ട് താഴെ ചേർക്കുന്നു.

### പട്ടാമ്പി, കേരള

ഫെബ്രുവരി 21-ന് 32 വിദ്യാർത്ഥികളെആദരിച്ചു. സ. കൃഷ്ണൻ വി.എ., ശശികുമാർ കെ.പി., സ.നാരായണൻ എന്നിവർ സംസാരിച്ചു. ഉപന്യാസത്തിന് തിരഞ്ഞെടുത്ത വിഷയങ്ങൾ നൂതനവും, ആകർഷകവും കാലത്തിന് ആവശ്യമായതുമാണെന്ന് വിദ്യാർത്ഥികൾ അവരുടെ പ്രതികരണത്തിൽ പറഞ്ഞു.

### അഹമ്മദാബാദ്

ഇവിടെ 150-ഓളം സ്ഥാപനങ്ങളിൽ നടത്തിയ ഉപന്യാസ രചനയിൽ എല്ലാ വിഭാഗങ്ങളിൽ നിന്നായി 8500 വിദ്യാർത്ഥികൾ പങ്കെടുത്തു. അവരിൽ 6 റീജണൽ തലത്തിലുള്ള വിജയികളുണ്ടായിരുന്നു. ഫെബ്രുവരി 28-ന് അദാലജ് യോഗാശ്രമത്തിൽ വെച്ച് അഹമ്മദാബാദിൽനിന്നുള്ള മുതിർന്ന അഭ്യാസികൾ സർട്ടിഫിക്കറ്റ് വിതരണം ചെയ്തു. രക്ഷിതാക്കളും പങ്കാളികളുമായി 1200 പേർ ക്ഷണിതാക്കൾക്കുള്ള യോഗത്തിൽ പങ്കെടുത്തു.

### മൊറാദാബാദ്

84 സ്കൂളുകളിൽ നിന്നും കോളേജുകളിൽ നിന്നുമായി 6700 വിദ്യാർത്ഥികൾ ഉപന്യാസ രചനയിൽ പങ്കെടുത്തു. ഫെബ്രുവരി 24-ന് യോഗാശ്രമത്തിൽ വെച്ച് നടത്തിയ ചടങ്ങിൽ സഹോദരൻ ശർവൺ കുമാറും(സെ.ഇൻ.ചാർജ്),സഹോദരി ചാവ്ലിയും സംസാരിച്ചു. തിരഞ്ഞെടുക്കപ്പെട്ടവർക്ക് സർട്ടിഫിക്കറ്റുകളും, സ്കൂളുകൾക്കും കോളേജുകൾക്കും പ്രത്യേകം സർട്ടിഫിക്കറ്റുകളും വിതരണം ചെയ്തു. ചടങ്ങിലെ മുഖ്യാതിഥി ശ്രീ രാമ മൂർത്തി (ചീഫ് ഡവലപ്മൻറ് ഓഫീസർ, മൊറാദാബാദ്),ഈ ഉദ്യമത്തിലൂടെ കുട്ടികളിൽ മൂല്യ വളർത്തിയെടുക്കുന്നതിനുള്ള മിഷൻെറ പ്രവർത്തികളെ അങ്ങേയറ്റം ശ്ലാഘിച്ചു.

### അഭേദോൺപുര, ഉത്തർപ്രദേശ്

ഫെബ്രുവരി 21-ന് നടത്തിയ കൂട്ടായ്മയിൽ 180 വിദ്യാർഥികളും 220 രക്ഷിതാക്കളും മറ്റു അദ്ധ്യാപകരും പ്രിൻസിപ്പാൾമാരും പങ്കെടുത്തു.വിദ്യാർഥികളോടും രക്ഷിതാക്കളോടും ഉപന്യാസ രചനയെ കുറിച്ച് സംസാരിച്ച ശേഷം സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു.




### കോലാപൂർ, മഹാരാഷ്ട്ര

ഫെബ്രുവരി 18 നായിരുന്നു മീറ്റിംഗ്. 75 സ്കൂളുകളിൽ നിന്നും 6 കോളേജുകളിൽ നിന്നുമായി 3500 ഉപന്യാസങ്ങൾ സമാഹരിച്ചു. മഹാരാഷ്ട്രയിലെ സോണൽ ഇൻ ചാർജ് സഹോദരൻ സുഭാഷ് വൈദ്യ മീറ്റിംഗിൽ സംസാരിച്ചു.

### ഔറംഗബാദ്, മഹാരാഷ്ട്ര

ഫെബ്രുവരി 27 ന് നടത്തിയ ഈ പരിപാടിയിൽ സമ്മാനാർഹരായ എല്ലാ വിദ്യാർത്ഥികളും അവരുടെ രക്ഷിതാക്കളും സ്കൂൾ പ്രിൻസിപ്പാൾമാരും പങ്കെടുത്തു.

### നാഗ്പൂർ, മഹാരാഷ്ട്ര

24 സ്കൂളുകളിൽ നിന്നായി 100 ഓളം പേർ ഇതിൽ പങ്കെടുത്തു. മാർച്ച് 7-ന് ഗാന്ധിനഗർ ആശ്രമത്തിൽ വെച്ച് സമ്മാനദാന ചടങ്ങ് നടന്നു.

### ഇൻഡോർ

ഫെബ്രുവരി 21-ന് 24 കേന്ദ്രങ്ങളിൽ തുറന്ന സദസ്സുകൾ സംഘടിപ്പിക്കുകയുണ്ടായി. വളൻറിയർമാർ സ്കൂളുകളും വിദ്യാർത്ഥികളുടെ വീടുകളും സന്ദർശിച്ച് രക്ഷിതാക്കളെക്ഷണിക്കുകയുണ്ടായി. അത്ഭുതാവഹമായ ഫലമാണ് കാണാൻ കഴിഞ്ഞത്. ഉൾപ്രദേശത്തുള്ള കേന്ദ്രത്തിൽപോലും ധാരാളം പേർ എത്തിചേർന്നു. 3500 ൽ അധികം പേർക്ക് സഹജമാർഗത്തെക്കുറിച്ച് ഒരു ഏകദേശ വിവരണം കൊടുക്കുന്നതിന് ഇതു വഴി സാധിച്ചു.

### പൂന

നാന്ദെഡ് ആശ്രമത്തിലെ ഒരു മീറ്റിംഗിൽ സിസ്റ്റർ രൂപാലി, നമ്മുടെ പൊതുവായ വിപരീത ചിന്തകളെക്കുറിച്ചും അതിൽനിന്നും മാറേണ്ട ആവശ്യകതയെക്കുറിച്ചും സംസാരിച്ചു. വളർന്നു വരുന്ന കുട്ടികൾ അവരുടെ ആന്തരസ്വത്വത്തെക്കുറിച്ച് ബോധവാന്മാരാകുന്നതിൻെറ പ്രാധാന്യത്തെ കുറിച്ചും, അതു വഴി ബാഹ്യ ജീവിതം രൂപപ്പെടുത്തുന്നതിനെക്കുറിച്ചും അവർ വിവരിച്ചു. കൗസ്തുബ് എന്ന സഹോദരൻ ഉപന്യാസത്തിൻെറ കണക്കുകൾ നിരത്തി സംസാരിച്ചു. "മനോനിയന്ത്രണത്തിൽ സഹജമാർഗത്തിൻെറ പങ്ക്" എന്ന വിഷയത്തെക്കുറിച്ച് സഹോദരൻ ശുക്ല സംസാരിച്ചു. സന്തോഷത്തിൻെറ പ്രതീകമായി സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. അന്ധവിദ്യാലയത്തിലെ കുട്ടികളുടെ ഉച്ചത്തിലുള്ള കയ്യടി കേൾക്കാമായിരുന്നു.

### ബാംഗ്ലൂർ

ഈ സോണിലുള്ള സർട്ടിഫിക്കറ്റുകൾ എല്ലാം തന്നെ ഫെബ്രുവരി 21 ന് ബനശങ്കരി ആശ്രമത്തിൽ വെച്ച് വിതരണം ചെയ്തു. ഓരോ ഗണത്തിലും ഒന്നാമതായെത്തിയ ഉപന്യാസങ്ങൾ വിജയികൾ വേദിയിൽ വായിച്ചു. അസാമാന്യമായ ആത്മവിശ്വാസവും ചിന്താശക്തിയും ഓരോ വിദ്യാർത്ഥിയിലും കാണാമായിരുന്നു. മൂല്യങ്ങൾ എങ്ങനെ പഠിക്കാമെന്ന് അഭ്യാസികളുടെ മക്കൾ ശാസ്ത്രപരീക്ഷണത്തിലൂടെ കാണിച്ചു കൊടുത്തു. അതിഥികൾക്ക് ഹൃദയസ്പർശിയായ ഒരു അനുഭവമായിരുന്നു ഇത്.

മാസ്റ്ററെപ്പറ്റിയുള്ള ഒരു വീഡിയോ അതിനുശേഷം സഹജമാർഗ ലക്ഷ്യത്തെപ്പറ്റി സിസ്റ്റർ മാധുരി വെങ്കട് ഒരു ലഘു വിവരണം നൽകി.

### ഭാവ് നഗർ , ഗുജറാത്ത്

സിൽവർ ബെൽ ധ്യാനഹാളിൽ വെച്ച് ഒരു പരിപാടി ഫെബ്രുവരി

ശ്രീ രാം ചന്ദ്ര മിഷൻ®
എക്രോസ് ഇന്ത്യ ന്യൂസ്‌ലെറ്റർ

21-ന് സംഘടിപ്പിച്ചു. പ്രബന്ധ മത്സരത്തിൻെറ കോ-ഓർഡിനേറ്റർ സിസ്റ്റർ വൃശിക, ഭാവ്നഗർ സെൻററിൽ പങ്കെടുത്തവരെപ്പട്ടിയുള്ള വിവരങ്ങൾ നൽകി. മറ്റൊരു കോ-ഓർഡിനേറ്ററായ വിനയ്(നവ്സാരി), സെൻറർ ഇൻ ചാർജായ ബ്രദർ ധർമേഷ്ഭായ് എന്നിവരും സംസാരിച്ചു.

### ഭുജ്

250 ഓളം പേർ പങ്കെടുത്ത ഒരു യോഗം ഭുജിലെ സഹയോഗ ഹാളിൽ ഫെബ്രുവരി 27 ന് നടത്തി. പ്രബന്ധരചനയിൽ പങ്കെടുത്ത 32 സ്കൂളിലെ പ്രിൻസിപ്പാൾമാർ, മാതാപിതാക്കൾ, അവാർഡ് ലഭിച്ച വിദ്യാർത്ഥികൾ തുടങ്ങിയവരെ ചടങ്ങിൽ ക്ഷണിച്ചിരുന്നു. ശ്രീ മഹേന്ദ്രസിംഗ് മുഖ്യാതിഥിയായിരുന്നു. സെൻറർ ഇൻ ചാർജ് സിസ്റ്റർ ഹർഷാ ചൗഹാൻ,കോ-ഓർഡിനേറ്റർ ബ്രദർ ഗോപി ത്രിവേദി എന്നിവർ സംസാരിച്ചു.
അതുപോലെ ഗാന്ധിധാം സെൻററിൽ അഞ്ജാറിലെ എം.എൽ.എ. മുഖ്യാതിഥിയും ഗാന്ധിധാം മുൻസിപ്പാലിറ്റിയുടെ പ്രസിഡൻറ് ബഹുമാന്യ അതിഥിയുമായിരുന്നു. ഈ ചടങ്ങിൽ 180ഓളം പേർ പങ്കെടുത്തു.

### ചാണ്ഡിഗർ

പ്രബന്ധരചനയിൽ,16 സ്കൂളുകളും, 4 കോളേജുകളും , പഞ്ചാബ് യൂണിവേർസിറ്റിയിലെ വിവിധ വിഭാഗങ്ങൾ ചാണ്ഡിഗർ, പഞ്ച്ഗുള, മൊഹാലി തുടങ്ങിയ ഇടങ്ങളിൽനിന്നുള്ള വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളും പങ്കെടുത്തു.ഫെബ്രുവരി 28-ന് സോണൽ തലത്തിൽ വിജയികളായ വിദ്യാർത്ഥികളെആദരിക്കാനായി നടത്തിയ ചടങ്ങിൽ സോണൽ കോ-ഓർഡിനേറ്റർ സിസ്റ്റർ കാനൻ സച്ദേവ്, സിസ്റ്റർ ഗുരുദേവ് കൗർ, സിസ്റ്റർ സുദർശൻ തുടങ്ങിയവർ ചടങ്ങിൽ സംബന്ധിച്ചു സംസാരിച്ചു. സോണൽ തലത്തിൽ വിജയികളായ 28 പേർക്ക് ബ്രദർ മേജർ ജനറൽ ഹർഭജൻ സിംഗ് സമ്മാനങ്ങൾ നൽകി.

### ലുധിയാന

ഏപ്രിൽ 11 ന് പഞ്ചാബ് കാർഷിക സർവ്വകലാശാലയിലെ ജേക്കബ് ഹാളിൽ നടന്ന ചടങ്ങിൽ സോൺ തലത്തിലെ 8 വിദ്യാർത്ഥികൾക്കും ജില്ലയിലെ 40 വിദ്യാർത്ഥികൾക്കും സർട്ടിഫിക്കേറ്റ്, പുസ്തകം, മൊമെൻറൊ തുടങ്ങിയവ വിതരണം ചെയ്തു. മറ്റുള്ളവർക്ക് 'എൻെറ ഗുരു'വിൻെറ ഓരോ കോപ്പിയും സർട്ടിഫിക്കേറ്റും നൽകി. നല്ല രീതിയിൽ സഹകരിച്ചതിനുള്ള ട്രോഫി സെൻറ് തോമസ് സ്കൂളിന് ലഭിച്ചു. പ്രസിദ്ധ വിദ്യാഭ്യാസ വിചക്ഷണന്മാരായ ഡോ. എം.എ. സഹീർ, ഡോ. പ്രേം കുമാർ, സോണൽ ഇൻ ചാർജ് മേജർ ജനറൽ ഹർഭജൻ സിംഗ് തുടങ്ങിയവർ ചടങ്ങിൽ മുഖ്യാതിഥികളായിരുന്നു.
പാനിപ്പത്ത് റിഫൈനറി ഓഫീസേർസ് ക്ലബ്ബിൽ ഏപ്രിൽ 4-ന് പാനിപ്പത്ത് സെൻറർ 35 ഓളം വിദ്യാർത്ഥികളെആദരിച്ചു. മുഖ്യാതിഥികളായിരുന്ന ശ്രീ. രാജ് കുമാർ ഘോഷ്, അശ്വനി ശർമ എന്നിവർ സമ്മാനങ്ങൾ നൽകി. ചടങ്ങിൽ ധാരാളം അഭ്യാസികളും പങ്കെടുത്തു.

### കോയമ്പത്തൂർ

ഫെബ്രുവരി 22-ന് 60 ഓളം സ്കൂളുകളിൽനിന്നായി 120 വിദ്യാർത്ഥികൾ തങ്ങളുടെ മാതാപിതാക്കളോടൊപ്പം നാച്ചിപ്പാളയം ആശ്രമത്തിൽ പങ്കെടുത്തു. സെ.ഇൻ.ചാ. ബ്രദർ വൈദ്യനാഥൻ എല്ലാവരേയും സ്വാഗതം ചെയ്തു. സ. ടി.എസ്. മണിയം, സ. കെ. ഈശ്വരി തുടങ്ങിയവർ സംസാരിച്ചു. സ. കെ. വെങ്കിട്ടരാമൻ വിദ്യാർത്ഥികൾക്ക് സർട്ടിഫിക്കേറ്റും, പുസ്തകങ്ങളും നൽകി. സോൺ തലത്തിൽ വിജയികളായ കോയമ്പത്തൂർ സെൻററിലെ നാലു പേർക്ക് 'എൻെറ ഗുരു' വിൻെറ കോപ്പി സർട്ടിഫിക്കറ്റിനോടൊപ്പം നൽകി. നാലു വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അവരുടെ സഹകരണത്തെ അംഗീകരിച്ചുകൊണ്ട് സർട്ടിഫിക്കറ്റുകളും നൽകി.

### ഗുവഹാട്ടി

ഏപ്രിൽ 4-ന് സ. സിദ്ധേശ്വർ പാണ്ഡെയുടെ നേതൃത്വത്തിൽ നടന്ന ചടങ്ങിൽ 40 വിജയികൾക്ക് സർടിഫിക്കറ്റുകൾ നൽകി. ഗുവഹാട്ടി


ലക്നൗ

നഗരത്തിൻെറ ചുറ്റുപാടുമുള്ള സ്കൂളുകളിൽനിന്നും രണ്ട് പ്രബന്ധങ്ങൾ വീതം തിരഞ്ഞെടുത്ത് അവയ്ക്കാണ് സമ്മാനങ്ങൾ നൽകിയത്. ബ്രദർ അശോക് സെൻ ഗുപ്ത പങ്കെടുത്തവരെ അഭിസംബോധന ചെയ്ത് സംസാരിച്ചു. തുടർന്ന് സംശയ നിവാരണവുമുണ്ടായി.

### ഹുബ്ലി, കർണ്ണാടക

ഹുബ്ലിയിലെയും ധാർവാഡിലെയും അഭ്യാസികളിൽ സാഹോദര്യവും ഉത്സാഹവും വളർത്തുന്നതിന് പ്രബന്ധരചനാ പരിപാടി സഹായകരമായി. സമൂഹത്തിൽ ഇത്തരം പരിപാടി നടത്തുന്നതിൻെറ ആവശ്യകതയെയും പ്രാധാന്യത്തെയും കുറിച്ച് മുഖ്യാതിഥി ശ്രീ വിഷ്ണു ഭാസ്കർ ഭട്ട് ഊന്നിപ്പറഞ്ഞു. പരസ്യമേതുമില്ലാതെ പ്രവർത്തിക്കുന്ന ഈ മിഷനെപ്പറ്റി അദ്ദേഹത്തിന് അറിവുണ്ടായിരുന്നില്ല എന്ന് അദ്ദേഹം പറഞ്ഞു. പറയുന്നത് പ്രവർത്തിക്കുന്ന വ്യക്തികളും സ്ഥാപനങ്ങളും വിരളമാണെന്നിരിക്കെ ശ്രീ രാം ചന്ദ്ര മിഷൻ അത്തരത്തിൽ വിരലിലെണ്ണാവുന്ന ഒന്നാണെന്ന് ഗവണ്മെൻറ് സ്കൂൾ ഹെഡ് മാസ്റ്റർ ശ്രീ ശാരംഗ് ഭട്ട് പറഞ്ഞു. 70 ഓളം വിദ്യാർത്ഥികൾക്ക് സർട്ടിഫിക്കേറ്റ് വിതരണം ചെയ്തു. യുവാക്കളും വിദ്യാർത്ഥികളും ചേർന്ന് തുടർന്നു നടത്തിയ കൊച്ചു നാടകം എല്ലാവരേയും ആകർഷിച്ചു.

### ലക്നൗ

ലക്നൗവിൽ 180-ഓളം സ്കൂളിൽനിന്നും കോളേജുകളിൽ നിന്നുമുള്ള വിദ്യാർത്ഥികൾ പങ്കെടുത്തു. ബ്രദർ യു.എസ്. ബാജ്പേയ് സമ്മാനങ്ങൾ വിതരണം ചെയ്തു.

### തെസ്പൂർ, ആസ്സാം

ഏപ്രിൽ 11ന് വിജയികളായ വിദ്യാർത്ഥികളും മാതാപിതാക്കളും അദ്ധ്യാപകരും ചേർന്ന് 200 ഓളം പേർ പങ്കെടുത്ത ചടങ്ങ് സംഘടിപ്പിച്ചു. സഹജമാർഗ ധ്യാന പദ്ധതി പരിശീലിക്കുന്നതിന് ചിലർ ഉത്സുകരായി. മിഷൻ പ്രാർത്ഥനയോടെ പരിപാടി സമാപിച്ചു.

### തൃശ്ശൂർ ,കേരള

ഫെബ്രുവരി 28 ന് ഞായറാഴ്ച തൃശ്ശൂരിലെ യോഗാശ്രമത്തിൽ നടന്ന ചടങ്ങിൽ പങ്കെടുത്ത വിവിധ സ്കൂളുകളിൽ നിന്നും കോളേജുകളിൽ നിന്നുമുള്ള വിദ്യാർത്ഥികൾ, അദ്ധ്യാപകർ മാതാപിതാക്കൾ തുടങ്ങിയവരെ സ. ടി.പി. നാരായണൻ സ്വാഗതം ചെയ്തു. പ്രബന്ധരചനാ പരിപാടിയിൽ 31 ഓളം സ്കൂളിൽനിന്നും കോളേജിൽ നിന്നുമുള്ള വിദ്യാർത്ഥികൾ പങ്കെടുത്തു. കേരളത്തിലെ സ്മൃതിയുടെ കോ-ഓർഡിനേറ്റർ സ. എ. മാധവൻ പങ്കെടുത്തവരെ അഭിസംബോധന ചെയ്തു. സോ.ഇൻ.ചാ. സ. കെ.യു. മോഹൻ വിദ്യാർത്ഥികൾക്ക് സർട്ടിഫിക്കറ്റുകളും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അവരുടെ സേവനത്തെ പ്രകീർത്തിച്ചുകൊണ്ടുള്ള സർട്ടിഫിക്കറ്റുകളും വിതരണം ചെയ്തു.

### വഡോദര

അളകാപുരിയിലെ ബറോഡ ഹൈസ്കൂളിൽ ഫെബ്രുവരി രണ്ടാം തിയതി നടന്ന ചടങ്ങിൽ 200 ഓളം പേർ പങ്കെടുത്തു. സിസ്റ്റർ പൂനം ബബ്ബർ, സൂറത്തിലെ ഡോ. സുരേന്ദ്ര അഗർവാൾ, സ. പ്രഭാ ശർമ, ബ്രദർ ഹിരൺ ഷാ തുടങ്ങിയവർ സദസ്സിനെ അഭിസംബോധന ചെയ്തു സംസാരിച്ചു. പങ്കെടുത്തവർക്ക് ചടങ്ങിനെപ്പറ്റി അഭിപ്രായം പ്രകടിപ്പിക്കാൻ അവസരം നൽകി. കുറേ പേർ പരിശീലനം തുടങ്ങാൻ ആഗ്രഹം പ്രകടിപ്പിച്ചു.

ശ്രീ രാം ചന്ദ്ര മിഷൻ®
എക്കോസ് ഇന്ത്യ ന്യൂസ്‌ലെറ്റർ

# അഭ്യാസി പരിശീലന പരിപാടികൾ

### മൊറാദാബാദ്

മാർച്ച് 4 ന് എ.ടി.പി. ലെവൽ 1 മൊറാദാബാദ് സെൻററിൽ നടത്തി. സ.സുദാംശു അവതരിപ്പിച്ച ഈ പരിപാടിയിൽ കാണിച്ച പൂജ്യ മാസ്റ്ററെപ്പറ്റിയുള്ള ഓഡിയോ, വീഡിയോ തുടങ്ങിയവ പങ്കെടുത്ത 30 ഓളം അഭ്യാസികൾക്ക് സന്തോഷജനകമായി. പങ്കെടുത്തവർ ഇത്തരം പരിപാടികൾ പുതിയ അഭ്യാസികൾക്ക് വളരെ പ്രയോജനപ്പെടും എന്നും സഹജമാർഗത്തെക്കുറിച്ച് കൂടുതൽ വ്യക്തലഭിച്ചു എന്നും ലക്ഷ്യപ്രാപ്തിക്ക് ഈ പരിപാടി അവരെ പ്രചോദിപ്പിക്കുമെന്നും അഭിപ്രായപ്പെട്ടു.

### നാനൗത

ഏപ്രിൽ 4 ഞായറാഴ്ച ബ്രദർ രാജീവ്കുമാർ എടിപി ലവൽ 1 നടത്തി. ഇതിൽ 24 അഭ്യാസികൾ പങ്കെടുത്തു.

ശ്രിവില്ലിപുത്തൂർ

മാർച്ച് 7-ന് വിരുദനഗർ ജില്ലയിലെ ഈ സെൻററിൽ സിസ്റ്റർ ബി. പൊന്നുത്തായിയും ബ്രദർ വി.ബാലസുബ്രമണിയനും ചേർന്ന് എടിപി നടത്തി. ശ്രിവില്ലിപുദൂർ, രാജപാളയം, തിരുതങ്ങൾ, ശിവകാശി തുടങ്ങിയ സെൻററിൽ നിന്നുള്ള 20-ഓളം അഭ്യാസികൾ ഇതിൽ പങ്കെടുത്തു. ഈ പരിപാടി പുതിയ അഭ്യാസികളടക്കം എല്ലാവർക്കും പ്രയോജനപ്രദമാകുമെന്ന് അഭിപ്രായമുണ്ടായി.

### കർണൂൽ

230-ഓളം അഭ്യാസികൾക്കായി എടിപി സംഘടിപ്പിച്ചു. വളരെ ഉത്സാഹവും പരസ്പര ഇടപെടലും ഉണ്ടായ ഈ പരിപാടിയിൽ കുറെയേറെ സംശയങ്ങൾ ദൂരീകരിച്ചു. സാധനയുടെ അടിസ്ഥാനപരമായ കാര്യങ്ങൾക്കുള്ള വിശദീകരണങ്ങൾ, മാസ്റ്ററുടെ ഓഡിയോ,വീഡിയോകളിൽനിന്നും ലഭിച്ചുവെന്ന് എല്ലാവരും അഭിപ്രായപ്പെട്ടു.

### ബെല്ലാരി

ബെല്ലാരിയിലെ സ.സോന്താ സുധാകരൻെറ വീട്ടിലെ ധ്യാനഹാളിൽ വെച്ച് ഫെബ്രുവരി 14-ന് എടിപി നടത്തി. കന്നഡയിൽ നടത്തിയ ഈ പരിപാടിയിൽ 25 അഭ്യാസികൾ പങ്കെടുത്തു. തദവസരത്തിൽ സ. നിജലിംഗപ്പ, സ. പ്രഹ്ലാദ് പക്നിക്കർ, സ. രാജു കഷാംപുർക്കാർ തുടങ്ങിയവർ സംസാരിച്ചു. ഈ പരിപാടി വളരെ പ്രയോജനപ്രദമായി എന്നും ഇത്തരം പരിപാടികൾ ഇനിയും സംഘടിപ്പിക്കണമെന്നും അഭിപ്രായമുയർന്നു.

### സിക്കാ

ജാംനഗർ സെൻററിൻെറ അനുബന്ധ സെൻററായി അടുത്തിടെ തുടങ്ങിയ ഈ സെൻറർ ഒരു ഉൾനാടൻ പ്രദേശമാണ്. 60 ഓളം ഉത്സുകരായ അഭ്യാസികൾ ഇവിടെയുണ്ട്. ഏപ്രിൽ 11-ന് അഹമ്മദാബാദിൽനിന്നുള്ള സ.അങ്കിത് വ്യാസ് പരിശീലന പരിപാടി നടത്തി. ഹിന്ദിയിൽ വിശദീകരിച്ച ഈ പരിപാടിയിൽ മാസ്റ്ററുടെ വീഡിയോ കാണിക്കുമ്പോൾ പൂജ്യ മാസ്റ്ററുടെ സാന്നിദ്ധ്യം അനുഭവഭേദ്യമായി.

### രാജ്നന്ദഗാവൊൺ

50 ഓളം അഭ്യാസി സഹോദരി സഹോദരന്മാർക്കായി മാർച്ച് 28-ന് എടിപി ഹിന്ദിയിൽ നടത്തി. സ. ദീപക് ത്യാഗിയും സ. വിജയ് അയ്യരും പരിപാടി നിയന്ത്രിച്ചു.പങ്കെടുത്ത അഭ്യാസികൾക്ക് ഇത് പ്രയോജനമയി എന്നവർ അഭിപ്രായപ്പെട്ടു. അവരുടെ സംശയം ദുരീകരിക്കുന്നതിന് മാസ്റ്ററുടെ ഉദ്ധരണികളും വീഡിയോകളും സഹായകരമായി.

### പെൻഡ്രാ

ഛത്തീസ്ഗർ സംസ്ഥാനത്തിലെ ഉൾനാടൻ പ്രദേശമായ പെൻഡ്രാ സെൻററി ഹിന്ദിയിൽ എടിപി നടത്തി. 58 അഭ്യാസി സഹോദരി സഹോദരന്മാരും,ഗ്രാമപ്രദേശത്തുനിന്ന് 40 ഓളം സഹോദരിമാരും പങ്കെടുത്തതിൽ അവരുടെ പരിപൂർണ്ണ പങ്കാളിത്തം ശ്രദ്ധേയമായി. ഒരു ഭണ്ഡാരയിലുള്ള അന്തരീക്ഷം അവിടെ ഉണ്ടായിരുന്നു. സ. സ്വപ്നി ഖത്രിയാണ് ഇത് സംഘടിപ്പിച്ചത്.

### റായ്പൂർ

52 ഓളം പേർ പങ്കെടുത്ത എടിപി ഏപ്രിൽ 4-ന് നടത്തി. അഭ്യാസികൾ ഉത്സാഹത്തോടെ പങ്കെടുത്ത പരിപാടിയിൽ സ. ദീപക് ത്യാഗി നടത്തിയ ചോദ്യോത്തര വേളയും ഉണ്ടായിരുന്നു. സ. വിഷ്ണു ഉപാദ്ധ്യായ, സ. സതീഷ് ശർമ, സ. ദേവ് നാരായൺ തുടങ്ങിയവർ എടിപി നടത്തി.

### ബിലാസ്പൂർ

മാർച്ച് 7-ന് ഹിന്ദിയിൽ എടിപി നടത്തി. എസ്എംആർടിഐ രൂപകൽപന ചെയ്ത എടിപിയെ പറ്റി ഉയർന്ന അഭിപ്രായമാണുണ്ടായത്.

### ദുർഗ്

ഫെബ്രുവരി 21-ന് ഹിന്ദി എടിപി സംഘടിപ്പിച്ചു. സെൻറർ ഇൻ ചാർജ് സ. ഡി.കെ.നിഗം പരിപാടി ആസൂത്രണം ചെയ്തു. ഉത്സാഹജനകമായ അന്തരീക്ഷത്തിൽ നടന്ന എടിപിയിൽ 37 അഭ്യാസി സഹോദരി സഹോദരന്മാർ പങ്കെടുത്തു. സോണൽ ഇൻ ചാർജ് സ. ദീപക് ത്യാഗിയും സ. ശ്രീനിവാസ് ദേശ്മുഖും എടിപി നടത്തി. ദീപക് ത്യാഗി നടത്തിയ ചോദ്യോത്തരവേളഅഭ്യാസികൾക്ക് ഉപകാരപ്രദമായി.

### ജാംനഗർ

"സന്തുലിത ജീവിതവും ധ്യാനവും" എന്ന വിഷയത്തെ ആസ്പദമാക്കി നിറഞ്ഞു കവിഞ്ഞ ടൗൺ ഹാളിൽ ഒരു സെമിനാർ സംഘടിപ്പിച്ചു. അഭ്യാസികൾ ഈ അവസരം വിനിയോഗിച്ചുകൊണ്ട് തങ്ങളുടെ സുഹൃത്തുക്കളെയും ബന്ധുക്കളെയും സഹപ്രവർത്തകരെയും ഈ സെമിനാറിൽ പങ്കെടുക്കാൻ ക്ഷണിച്ചു. രണ്ടു ക്ലാസിക്കൽ ഡാൻസോടുകൂടി പരിപാടി തുടങ്ങി. സഹജമാർഗത്തിലെ തൻെറ അനുഭവങ്ങൾ ജയശ്രീ ബെൻ ലാൽ ബായ് പങ്കുവെച്ചു. ധ്യാനത്തിലൂടെ ആർജ്ജിക്കുന്ന സന്തുലിത ജീവിതത്തിൻെറ പ്രസക്തിയെക്കുറിച്ച് അവർ സംസാരിച്ചു.

സ. ഹിരൺഭായ് ഷാ സഹജമാർഗ ധ്യാനപദ്ധതിയെക്കുറിച്ചും, നിത്യജീവിതത്തിൽ അതിൻെറ പങ്കിനെക്കുറിച്ചും വിവരിച്ചു. മനുഷ്യ ജീവിതത്തിലെ ഏറ്റവും ഉയർന്ന ലക്ഷ്യമായ ആത്മസാക്ഷാത്ക്കാരമടയാനുള്ള സഹജമാർഗത്തിൻെറ ഫലക്ഷമതയെ കുറിച്ച് ബ്രദർ സുരേഷ് രാജഗോപാലൻ വിശദീകരിച്ചു. ആത്മീയ പുരോഗതി തടസ്സപ്പെടാതെ എങ്ങനെ ഭൗതിക ജീവിതം നയിക്കാമെന്നും അദ്ദേഹം വിശദീകരിച്ചു.

ഈ പ്രഭാഷണങ്ങൾക്കുശേഷം പ്രഭാഷകന്മാരുമായും സഹജമാർഗ വളൻറിയർമാരുമായും സംവദിക്കാനുള്ള അവസരം ശ്രോതാക്കൾക്ക് ലഭിച്ചു. സഹജമാർഗത്തെക്കുറിച്ച് കൂടുതൽ അറിയാനും പരിശീലനം തുടങ്ങാനും ചിലർ ഉത്സാഹം കാണിച്ചു.



ശ്രീ രാം ചന്ദ്ര മിഷൻ®
എക്രോസ് ഇന്ത്യ ന്യൂസ്‌ലെറ്റർ

# പ്രകാശകേന്ദ്രം

"ഒരു ആശ്രമം വ്യത്യസ്തമാകുന്നതെങ്ങിനെയാണ്? ആശ്രമം ആദി ഗുരുവിൻെറ ദിവ്യത്വത്താൽ നിറഞ്ഞതാണ്. ഓരോ തവണയും നാം അവിടെയിരുന്നു ധ്യാനിക്കുമ്പോൾ അവിടെ ദിവ്യത്വം വർദ്ധിച്ചുകൊണ്ടേയിരിക്കുന്നു. അമ്പലങ്ങളിൽ ദിവ്യത്വം കുറഞ്ഞുകൊണ്ടിരിക്കുകയും ആശ്രമങ്ങളിൽ വർദ്ധിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. അതിനാൽ, നിങ്ങൾ ചെയ്യേണ്ടത് ചെയ്തുകൊണ്ടിരിക്കുകയാണെങ്കിൽ അമ്പതു വർഷത്തിനുശേഷവും അവിടം വർദ്ധിത ദിവ്യത്വത്തോടുകൂടിയും, ഹൃദ്യമായ അന്തരീക്ഷത്തോടുകൂടിയും,'ഇതാണ് സ്വർഗം, ഇതാണ് പ്രകാശവർഷം', എന്നു സൂക്ഷ്മമായി പറയുന്ന സ്ഥിതിയിലിരിക്കും."

2004 ജനുവരി 7 ഓങ്കോൽ ആശ്രമത്തിൻെറ ഉദ്ഘാടനവേളയിൽ പൂജ്യമാസ്റ്റർ

## ഓങ്കോൽ ആശ്രമം

### ഒരു കൊച്ചു നഗരത്തിൽ ബൃഹത്തായ ഹൃദയങ്ങളുടെ സൃഷ്ടി

ആന്ധ്രാപ്രദേശിലെ പ്രകാശം ജില്ലയുടെ സിരാകേന്ദ്രമാണ് ഓങ്കോൽ. ബാബുജി മഹാരാജ് 1969–ൽ തൻെറ മദ്രാസിലേക്കുള്ള യാത്രാ മദ്ധ്യേ കൊടുങ്കാറ്റും വെള്ളപ്പൊക്കവും കാരണം 72 മണിക്കൂറോളം ആർക്കും എത്തിപ്പെടാനാവാത്ത ഒരിടത്ത് കുടുങ്ങിപ്പോയത് ഇവിടെ പ്രസ്താവ്യമാകുന്നു. ആ സ്ഥലം ഓങ്കോലിനും ഉപ്പുഗുണ്ടൂരിനുമിടയിലായിരുന്നു. അന്ന് ബാബുജി മഹരാജ് ആത്മീയതയുടെ വിത്തുകൾ ഈ ഭാഗങ്ങളിൽ പാകിയിരിക്കണം. അതിൻെറ ഫലമായാണ് ഇന്നിവിടെ എല്ലാ സൗകര്യങ്ങളുമുള്ള ഒരു ആശ്രമവും ധാരാളം അഭ്യാസികളും മുള്ള ഒരു സെൻററും പ്രവർത്തിക്കുന്നത്.



തൊണ്ണൂറുകളുടെ തുടക്കത്തിൽ ഇവിടത്തെ ആദ്യ പ്രിഫക്റ്റ് ആയ സ.കുപ്പുസ്വാമിക്ക് ശ്രദ്ധിക്കുവാനായി വിരലിലെണ്ണാവുന്ന അഭ്യാസികളെ ഉണ്ടായിരുന്നുള്ളൂ. 1994ൽ മിഷനിൽ ചേർന്ന സ.ബി.നാഗേശ്വർ റാവു മിഷൻെറ വളർച്ചക്കായി കാര്യക്ഷമമായ പ്രവർത്തനം കാഴ്ച വെച്ചു. 1999–തോടെ അഭ്യാസികളുടെ എണ്ണം 350 ഓളമായി ഉയർന്നു. ഇതിൽ ഓങ്കോൽ ടൗൺ, ചിമകുർത്തി, മെദരമെട്ല, അഡ്ഡങ്കി തുടങ്ങിയ ഗ്രാമങ്ങളിലെയും അഭ്യാസികളുണ്ടായിരുന്നു. സ.നാഗേശ്വർ രാവു പ്രിഫക്റ്റ് ആയി നിയമിതനാവുകയും അദ്ദേഹം സ്വന്തം വസതിയിൽ സത്സംഗം ആരംഭിക്കുകയും ചെയ്തു. ഒരു ആശ്രമത്തിൻെറ ആവശ്യകത ബലപ്പെട്ടപ്പോൾ അഭ്യാസികളുടെ സഹകരണത്തോടെ ഓങ്കോൽ നഗരത്തിൻെറ പ്രാന്തപ്രദേശമായ എസ്.എൻ. പദുമണ്ഡലിലെ പെർത്തമിട്ട ഗ്രാമത്തിൽ 5 ഏക്ര സ്ഥലം ആശ്രമത്തിനായും അതിനോട് ചേർന്ന് കോളനിക്കായി 49 ഏക്കർ സ്ഥലവും വാങ്ങി.



2000 ഡിസമ്പർ 22–ന് പൂജ്യ മാസ്റ്റർ അവിടം സന്ദർശിച്ച് ആശ്രമത്തിൻെറ തറക്കല്ലിടുകയും ആശ്രമത്തിൻെറ പ്ലാൻ അംഗീകരിക്കുകയും ചെയ്തു. അതിനുശേഷം മാസ്റ്റർ രണ്ടു തവണ ആശ്രമത്തിൻെറ നിർമ്മാണ പ്രവർത്തനം വിലയിരുത്തുവാനായി അവിടം സന്ദർശിച്ചു. 2004 ജനുവരി 7–ാം തിയതി പുതിയ ആശ്രമ സമുച്ചയം അദ്ദേഹം ഉദ്ഘാടനം നടത്തുകയും, തൻെറ പൂജ്യഗുരുനാഥൻ ബാബുജിക്കു സമർപ്പിച്ചുകൊണ്ട് ധർമാശ്രമം എന്നു നാമകരണം നടത്തുകയും ചെയ്തു. തദവസരത്തിൽ സന്നിഹിതരായിരുന്ന ആറായിരത്തോളം അഭ്യാസികളോട് അദ്ദേഹം 'ഹൃദയം നൽകുക' എന്ന വിഷയത്തെപ്പറ്റി സംസാരിച്ചു. ഒരു കൊച്ചു നഗരത്തിൽ ഇത്രയും ആകർഷകമായ ഒരു സമുച്ചയം കെട്ടിപ്പടുക്കുന്നതിന് അഭ്യാസികളുടെ നിസ്വാർത്ഥമായ സേവനത്തിൽ സംപ്രീതനായാണദ്ദേഹം സംസാരിച്ചത്.

2000 പേർക്കിരിക്കാവുന്ന വിസ്തൃതമായ കോവണിയോടുകൂടിയ ഒരു വിശാലമായ ധ്യാനമന്ദിരം ഒന്നാം നിലയിലുണ്ട്. അടി ഭാഗത്ത് താമസ സൗകര്യവും, മാസ്റ്ററുടെ കോട്ടേജ്, ശൗചാലയങ്ങൾ, ജനറേറ്റർ മുറി തുടങ്ങിയവയും ഈ സമുച്ചയത്തിലുണ്ട്. ആശ്രമാന്തരീക്ഷം മെച്ചപ്പെടുത്തുവാനായി തണൽ മരങ്ങളും പുൽ തകിടികളും ഇവിടെയുണ്ട്. സൗജന്യമായി ഭക്ഷണം വിതരണം ചെയ്യുന്ന ആശ്രമങ്ങളിൽ ഒന്നാണ് ഓങ്കോലിലുള്ളത്. ഇവിടെ രാവിലെ 6.30–ന് എല്ലാ ദിവസവും സത്സംഗം നടത്തുന്നുണ്ട്.







To download or subscribe to this newsletter, please visit http://www.sahajmarg.org/newsletter/india For feedback, suggestions and news articles please send email to in.newsletter@srcm.org

© 2009 Shri Ram Chandra Mission ("SRCM"). All rights reserved. "Shri Ram Chandra Mission", "Sahaj Marg", "SRCM", "Constant Remembrance" and the Mission's Emblem are registered Trademarks of Shri Ram Chandra Mission.This Newsletter is intended exclusively for the members of SRCM. The views expressed in the various articles are provided by various volunteers and are not necessarily those of SRCM.